ഔദ്യോഗികഭാഷാ വകുപ്പുതല സമിതി - കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നവ്യം

വാല്യം 1 | ലക്കം 19 | ജനുവരി 2024

ഔദ്യോഗികഭാഷാ വകുപ്പുതല സമിതി
കേരള നിയമസഭാ സെക്രട്ടേറിയറ്റ്

പത്രാധിപക്കുറിപ്പ്

നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ സർഗ്ഗാത്മകതയുടെ ഉൾത്തുടിപ്പുകൾ വരികളായി മാറിയ രചനകൾ. വ്യത്യസ്തമായ പംക്തികളും മികവാർന്ന വരയും 'സമന്വയ'ത്തെ കൂടുതൽ പ്രിയങ്കരമാക്കുന്നു. മലയാള സാഹിത്യത്തിന് പുതിയ എഴുത്തുകാരെക്കൂടി സംഭാവന ചെയ്യാൻ 'സമന്വയ'ത്തിന് കഴിയുന്നു എന്നത് ആഹ്ളാദകരമാണ്. കൊച്ചുകൂട്ടുകാരുടെ വരകൾ ഒന്നിനൊന്ന് മികച്ചതാകുന്നു.

വൈവിധ്യമാർന്ന വിഭവങ്ങളുടെ 'സമന്വയം' ആസ്വാദകർക്കായി സമർപ്പിക്കുന്നു.



''എഴുത്തിന് പിന്നിൽ
നോവുണ്ട്... നീറ്റലുണ്ട്...
പ്രണയ വിരഹങ്ങളുണ്ട്...
സ്വപ്നങ്ങളുണ്ട്...

വായനയ്ക്ക് പിന്നിൽ
കാത്തിരിപ്പും...
എഴുത്ത് പ്രിയപ്പെട്ടവരുടേതാകുമ്പോൾ
കാത്തിരുന്ന് വായിക്കുന്നതൊരു സുഖമാണ്.''

ഷാജി സി. ബേബി
സെക്രട്ടറി ഇൻ ചാർജ്ജ്,
കേരള നിയമസഭ

സമന്വയം

ജനുവരി 2024 | വാല്യം 1 | ലക്കം 19

മുഖ്യരക്ഷാധികാരി
ശ്രീ. എ. എൻ. ഷംസീർ
ബഹു. സ്പീക്കർ, കേരള നിയമസഭ

മുഖ്യപത്രാധിപർ
ശ്രീ. ഷാജി സി. ബേബി
സെക്രട്ടറി ഇൻ ചാർജ്ജ്, കേരള നിയമസഭ

പത്രാധിപസമിതി
ശ്രീമതി രജനി വി. ആർ.
ജോയിന്റ് സെക്രട്ടറി

ശ്രീ. ഇ. കെ. മുഷ്താഖ്
ബഹു. സ്പീക്കറുടെ പ്രസ്സ് സെക്രട്ടറി

ശ്രീ. സബാഹുദ്ദീൻ എസ്. എസ്.
സെക്ഷൻ ഓഫീസർ

ശ്രീ. ജയശങ്കർ വി. എസ്.
അസിസ്റ്റന്റ് ലൈബ്രേറിയൻ

ശ്രീ. നെൽസൺ ജെ. എളൂക്കുന്നേൽ
സീനിയർ ഗ്രേഡ് അസിസ്റ്റന്റ്

ശ്രീമതി ഷൂജ കെ.
ഇൻഫർമേഷൻ അസിസ്റ്റന്റ്

കവർ
സബാഹ്

രൂപകൽപ്പന
കുര്യൻ ക്രിയേറ്റീവ്

അച്ചടി
കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്

വിലാസം
ഔദ്യോഗികഭാഷാ വകുപ്പുതല സമിതി
കേരള നിയമസഭാ സെക്രട്ടേറിയറ്റ്

ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള
ലേഖനങ്ങളിലെ അഭിപ്രായങ്ങൾ സംസ്ഥാന സർക്കാരിന്റെയോ
നിയമസഭാ സെക്രട്ടേറിയറ്റിന്റെയോ
അല്ലെന്നും അവ ലേഖകരുടെ വ്യക്തിപരമായ
അഭിപ്രായമാണെന്നും അവയ്ക്കുള്ള ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമാണെന്നും സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

ഉള്ളടക്കം

മൊഴിമാറ്റം

ഭയം 07
സബാഹ്

സ്റ്റാമ്പ് ആൽബം 08
ദിനേഷ് കുമാർ കെ.

ലേഖനങ്ങൾ

ഇന്ത്യൻ സമ്പദ്വ്യവസ്ഥ 1991-നു ശേഷം 14
ബിരാജ് പി. ആർ.

യുഗാന്തരങ്ങളിലൂടെ ഒരു യാത്ര 26
വിക്രമൻ സി.

ചെറുകഥകൾ

ഉയർച്ചയിലേക്കുള്ള യാത്ര 18
കെ. സോമൻ

പുസ്തകാസ്വാദനം

രണ്ട് നീല മത്സ്യങ്ങൾ 22
ഓമനശീലൻ ജി.

നുറുങ്ങ് കഥ

വൈ-ഫൈ 33
പ്രീത സി. എസ്.

കവിതകൾ

ജനിമൃതി 06
ഡോ. വിഷ്ണുമായ ആർ. എസ്.

നാവ് 17
രമേശ് ഡി.

ആചാര്യന്മാർ അറിയുന്നില്ല 24
നീതു എം. എസ്.

കാഴ്ച്ചകൾ 25
ഡോ. മഞ്ജു പി. യു.

ലഹരിക്കെതിരെ ഒരമ്മ മകനയച്ച കത്ത് 30
പ്രസാദ് വി.

അതിഥി 31
ശ്രീവിദ്യ എസ്.

വനിതാദിനം 32
ഷൂജ കെ.

ജനിമൃതി

മൃത്യുവിനാൽ ഭയം പേറിനടന്നീടുന്നോൻ,
നടിക്കുന്നു നവരസങ്ങളാൽ ജീവിതനാടകം,
നരകതുല്യമീ ജീവിതവീഥികൾ,
ഏകനായ് ജനിമൃതിതൻ പാതയിൽ!

അസ്തമിച്ചിടുന്നർക്കനും മാഞ്ഞിടുന്നു പനിമതിതൻ ബിംബവും,
ഉരുകിയൊലിച്ചിടുന്നു സഹ്യാദ്രിതൻ തുഷാരശകലങ്ങളും,
സ്തബ്ധമായ് നിൻ പ്രാണനും ചിത്തവും-
മൃത്യുവിൽ പുൽകി നീലവാനിലുയരുമ്പോൾ,
വരും ജന്മം തിളക്കമാർന്ന താരമായ് മിന്നിത്തിളങ്ങണം,
പുതുജീവനേകി ജ്വലിക്കും മോഹങ്ങളും പിന്നെ നൂറാശകളും!

ഡോ. വിഷ്ണുമായ ആർ. എസ്.
(കാറ്റലോഗ് അസിസ്റ്റന്റ്)

ഭയം

കടലിലേയ്ക്കിറങ്ങും മുൻപ്
ഭയംകൊണ്ട് വിറയ്ക്കുമെന്നല്ലോ നദി.

താണ്ടിയ ദൂരങ്ങളിലേക്ക്
മിഴികൾ പായിക്കും തിരികെയവൾ,
മലകളുടെ ശിരസ്സിലേക്കും,
വനവുമൂരുകളും ചുറ്റിയിഴഞ്ഞ
പാതയിലേക്കും.

മുന്നിൽ സമുദ്രം വിശാലം,
ചേരേണ്ടതുണ്ടതിൽ ക്ഷണം,
നിതാന്ത നിമജ്ജനമല്ലാതെ
മറ്റൊന്നുമില്ലതിനുള്ളിലെങ്കിലും.

നദിയ്ക്കില്ലിനിയൊരു മടക്കം
അവൾക്കൊട്ടുമിനിയില്ല-
യൊഴുകൽ.

ആരുണ്ട് തിരികെ നടന്നോർ
ആയാത്രയേറ്റം അസാധ്യം.

ത്യാഗം,
സാഗരപ്രവേശം,
എങ്കിലുമിപ്പോൾ ഭയരഹിതം.
ഇവിടെനിന്നല്ലോ അവളുറയ്ക്കുന്നു
ഇത് നദിയായെന്റെ മരണമല്ല
മഹാസമുദ്രമായെന്റെ പിറവിയാണ്.

Fear

Kahlil Gibran

It is said that before entering the sea
a river trembles with fear.

She looks back at the path she has traveled,
from the peaks of the mountains,
the long winding road
crossing forests and villages.

And in front of her,
she sees an ocean so vast,
that to enter there seems nothing more
than to disappear forever.

But there is no other way.
The river can not go back.

Nobody can go back.
To go back is impossible in existence.

The river needs to take the risk
of entering the ocean
because only then will fear disappear,
because that's where the river will know
it's not about disappearing into the ocean,
but of becoming the ocean.



സബാഹ്
(സെക്ഷൻ ഓഫീസർ)



സ്റ്റാമ്പ് ആൽബം

തമിഴ് കഥ : **സുന്ദര രാമസ്വാമി** (1958)

ദിനേഷ് കുമാർ കെ.
(അണ്ടർ സെക്രട്ടറി)

രാജപ്പയുടെ പ്രശസ്തിക്ക് ഇടിവു സംഭവിച്ചിരിക്കുന്നു. ഇപ്പോൾ എല്ലാവരും നാഗരാജന്റെ പിറകെയാണ്. ആൺകുട്ടികൾ അവനു ചുറ്റും കൂട്ടം കൂടി. നാഗരാജൻ അഹങ്കാരിയായെന്ന് രാജപ്പ ആൺകുട്ടികളോടെല്ലാം പറഞ്ഞു. പക്ഷേ കുട്ടികൾ അത് കേട്ടില്ല. നാഗരാജൻ തന്റെ അമ്മാവൻ സിംഗപ്പൂരിൽ നിന്ന് കൊടുത്തയച്ച സ്റ്റാമ്പ് ആൽബം കുട്ടികളെ കാണിക്കുകയായിരുന്നു. സ്കൂളിൽ ഒന്നാമത്തെ ബെൽ അടിക്കുന്നതുവരെ കുട്ടികൾ ആൽബത്തിൽ വിസ്മയത്തോടെ നോക്കിക്കൊണ്ടിരുന്നു. ഉച്ചസമയത്തെ ഇടവേളയിൽ അവർ തിക്കിത്തിരക്കി വീണ്ടും ആൽബം കണ്ടു. അവർ ചെറുകൂട്ടങ്ങളായി

അവന്റെ വീട്ടിൽ പോയും ആൽബം കണ്ടു. നാഗരാജൻ ഏറെ ക്ഷമയോടെ എല്ലാവരേയും ആൽബം കാണിച്ചു. ആരും ആൽബത്തിൽ തൊടരുതെന്നത് മാത്രമായിരുന്നു അവന്റെ നിബന്ധന. അവൻ ശ്രദ്ധാപൂർവ്വം ആൽബം മടിയിൽ വെച്ച് പേജുകൾ മറിച്ചുകൊടുത്ത് ഓരോരുത്തരെയായി കാണിച്ചു.

ക്ലാസ്സിലെ പെൺകുട്ടികളും ആൽബം കാണാൻ ആഗ്രഹിച്ചു. പെൺകുട്ടികൾക്കായി പാർവതി അവനെ സമീപിച്ചു. അവൾ ധൈര്യശാലിയാണെന്ന് പണ്ടേ എല്ലാവർക്കും അറിയാമായിരുന്നു. നാഗരാജൻ ആൽബം മടക്കി വെച്ച് അവൾക്ക് നൽകി. ക്ലാസ്സിലെ പെൺകുട്ടികൾ എല്ലാവരും കണ്ട ശേഷം വൈകുന്നേരം ആൽബം തിരിച്ചു കൊടുത്തു. ഇപ്പോൾ ആരും രാജപ്പയുടെ ആൽബത്തെക്കുറിച്ച പറയാറില്ല. തീർച്ചയായും അവന്റെ പെരുമ തീർത്തും മങ്ങിപ്പോയിരുന്നു.

രാജപ്പയുടെ ആൽബം കുട്ടികൾക്കിടയിൽ പ്രസിദ്ധമായിരുന്നു. തേനീച്ച തേൻ ശേഖരിക്കും പോലെയാണ് അവൻ സ്റ്റാമ്പുകൾ ശേഖരിച്ചിരുന്നത്. മറ്റൊന്നിലും അവന് താൽപ്പര്യമുണ്ടായിരുന്നില്ല. അവൻ രാവിലെ വീട്ടിൽ നിന്നിറങ്ങും. സ്റ്റാമ്പു ശേഖരിച്ചിരുന്ന കൂട്ടുകാരുടെയെല്ലാം വീട്ടിൽ പോകും. ഫിൻലന്റിന്റെ ഒരു സ്റ്റാമ്പിന് പകരം അവൻ രണ്ട് ആസ്ട്രേല്യൻ സ്റ്റാമ്പ് നൽകും. റഷ്യയുടെ ഒരു സ്റ്റാമ്പ് കൊടുത്ത് രണ്ട് പാകിസ്ഥാൻ സ്റ്റാമ്പ് വാങ്ങും. സ്ക്കൂളിൽ നിന്ന് വന്നയുടൻ പുസ്തകങ്ങൾ ഒരു മൂലയിലേക്ക് എറിഞ്ഞ്, കാപ്പിയും കുടിച്ച് ട്രൗസറിന്റെ പോക്കറ്റിൽ രണ്ടോ മൂന്നോ മുറുക്കും തിരുകി വീണ്ടും നടക്കാൻ തുടങ്ങും. നാല് മൈലുകൾക്ക് അകലെയുള്ള ഒരാളുടെ കൈയിൽ കാനഡയുടെ സ്റ്റാമ്പ് ഉണ്ടെന്ന് ആരോ പറഞ്ഞ് അവൻ അറിഞ്ഞിട്ടുണ്ടാകും. മുറുക്കും കടിച്ചുമുറിച്ചുകൊണ്ട് പാടങ്ങൾ കടന്ന് അവൻ ലക്ഷ്യസ്ഥാനത്തേക്ക് ഓടുകയായിരിക്കും.



സുന്ദര രാമസ്വാമി

(1931 – 2005)

സ്വാതന്ത്ര്യാനന്തര തമിഴ് സാഹിത്യ ലോകത്തെ പ്രമുഖനായ നോവലിസ്റ്റും, കവിയും വിവർത്തകനുമായിരുന്നു. നാഗർകോവിലിൽ ജനിച്ച അദ്ദേഹത്തിന്റെ വിദ്യാഭ്യാസം കോട്ടയത്തായിരുന്നു. തകഴിയുടെ 'തോട്ടിയുടെ മകൻ' എന്ന നോവൽ തമിഴിലേയ്ക്ക് പരിഭാഷപ്പെടുത്തിയാണ് സാഹിത്യജീവിതം ആരംഭിക്കുന്നത്. ആധുനിക തമിഴ് സാഹിത്യത്തിലെ ശ്രദ്ധേയനായ എഴുത്തുകാരിൽ ഒരാളായ അദ്ദേഹത്തിന്റെ പ്രധാന രചനകൾ ഒരു പുളിമരത്തിൻ കഥൈ, ജെ. ജെ. സില കുറിപ്പുകൾ, കുഴന്തൈകൾ, പെൺകൾ, ആൺകൾ തുടങ്ങിയവയാണ്. 'പാസുവയ്യ' എന്ന പേരിൽ കവിതകളും എഴുതിയിട്ടുണ്ട്. മുഖ്യസമാഹാരം 107 കവിതൈകൾ.

കുമാരനാശാൻ സാഹിത്യ പുരസ്കാരം, തമിഴ് ലിറ്ററി ഗാർഡൻ (2001), കഥാചൂഢാമണി (2004) തുടങ്ങിയ പുരസ്കാരങ്ങൾ ലഭിച്ചു.

ക്ലാസ്സിലെ ഏറ്റവും വലിയ ആൽബം അവന്റേതായിരുന്നു. ഇരുപത്തിയഞ്ച് രൂപയ്ക്ക് അത് കൊടുക്കുമോയെന്ന് തഹസിൽദാരുടെ മകൻ ചോദിച്ചു. പണത്തിന്റെ ഒരു അഹങ്കാരമേ! അവൻ കരുതിയത് പണമെറിഞ്ഞ് എങ്ങനെയെങ്കിലും ആൽബം കൈക്കലാക്കാമെന്നായിരുന്നു. രാജപ്പ ചൂടോടെ മറുപടി കൊടുത്തു. 'നിന്റെ വീട്ടിൽ സുന്ദരിയായ ഒരു കുഞ്ഞുവാവയുണ്ടല്ലോ! മുപ്പത് രൂപ തന്നാൽ നീ അതിനെവിൽക്കുമോ?' ആൺകുട്ടികൾ ചൂളം വിളിച്ചു കൈയടിച്ച് അവനെ പിൻതാങ്ങി.

പക്ഷേ ഇപ്പോൾ ആരും അവന്റെ ആൽബത്തെക്കുറിച്ച് പറയുന്നില്ല. അത് മാത്രമല്ല; അവർ രണ്ടും താരതമ്യം ചെയ്ത് നാഗരാജന്റെ ആൽബം അവന്റെ ആൽബത്തെ നിഷ്പ്രഭമാക്കിയെന്നും കൂടി പറഞ്ഞു.

രാജപ്പ നാഗരാജന്റെ ആൽബം ചോദിച്ചില്ല. മറ്റ് കൂട്ടികളെല്ലാം അത് നോക്കിക്കൊണ്ടിരുന്നപ്പോൾ അവൻ ഇടങ്കണ്ണിട്ട് അതിലേക്ക് നോക്കിയിരുന്നു. ആ ആൽബം ശരിക്കും മനോഹരമായിരുന്നു. രാജപ്പയുടെ കൈവശമുള്ള അപൂർവ സ്റ്റാമ്പുകൾ അതിൽ ഇല്ലായിരുന്നു. എണ്ണത്തിലും അവ കുറവായിരുന്നു. പക്ഷേ ആ ആൽബം വിസ്മയകരമാം വണ്ണം മനോഹരമായിരുന്നു. അത് കൈയിൽ പിടിക്കുന്നത് തന്നെ അഭിമാനകരമായ കാര്യം ആയിരുന്നു. ഈ ടൗണിൽ എവിടെ നിന്നും നിങ്ങൾക്ക് അത്തരമൊരു ആൽബം കിട്ടുമായിരുന്നില്ല.

നാഗരാജന്റെ ആൽബത്തിന്റെ ആദ്യപേജിൽ ഇങ്ങനെ എഴുതിയിരുന്നു. അവന്റെ അമ്മാവനാണ് അത് എഴുതി അവന് അയച്ചു കൊടുത്തത്.

ഞാൻ എസ്. നാഗരാജൻ.

അസൂയ തോന്നി ആരും ഈ ആൽബം മോഷ്ടിക്കരുത്. മുകളിൽ എഴുതിയ പേര് നോക്കൂ. ഈ ആൽബം എന്റേതാണ്; പുല്ല് പച്ചയായിരിക്കുകയും താമര ചുവന്നി

രിക്കുകയും സൂര്യൻ കിഴക്കുദിച്ച് പടിഞ്ഞാറ് അസ്തമിക്കുകയും ചെയ്യുന്നിടത്തോളം കാലം ഈ ആൽബം എന്റേത് തന്നെയായിരിക്കും.

എല്ലാ ആൺകുട്ടികളും ഈ വാക്കുകൾ അവരുടെ ആൽബത്തിൽ എഴുതിവച്ചു. അവർ നോട്ടുബുക്കുകളിലും സ്ക്കൂൾ ബുക്കുകളിലും ഇതെഴുതി വച്ചു. രാജപ്പ അവരോട് കയർത്തു 'എന്തിനാടോ നിങ്ങൾ അവനെ കോപ്പിയടിക്കുന്നത്? കോപ്പിയടിക്കാർ!'

ആരും ഒന്നും പറഞ്ഞില്ല; അവർ രാജപ്പയെ തുറിച്ചു നോക്കുക മാത്രം ചെയ്തു. എന്നാൽ കൃഷ്ണന് അത് സഹിച്ചില്ല

'പോയി തുലയെടാ! നിനക്ക് അസൂയ മൂത്ത് വട്ടായി' അവൻ രാജപ്പയോട് ആക്രോശിച്ചു.

'അവന്റെ കൈയിലുള്ള ഏതെങ്കിലും സ്റ്റാമ്പ് നിന്റെ കൈയിലുണ്ടോ? ആ ഇന്തോനേഷ്യൻ സ്റ്റാമ്പ് മാത്രം മതിയല്ലോ; എത്ര സുന്ദരമാണത്!' കൃഷ്ണൻ അവനോട് ചോദിച്ചു.

'പക്ഷേ, എന്റെ കൈയിലുള്ള സ്റ്റാമ്പ് അവന്റടുത്ത് ഇല്ലല്ലോ' രാജപ്പ പറഞ്ഞു.

'അതുപോലെയൊരു സ്റ്റാമ്പ് നീ കാണിച്ചു താ'

'എന്റെ കൈയിലുള്ള സ്റ്റാമ്പ് അവൻ കാണിക്കട്ടെ. പത്ത് രൂപ ബെറ്റ്'

'നിന്റെ ആൽബം ഒരു ചവറ് ആൽബമാണ്' കൃഷ്ണൻ വിളിച്ചു പറഞ്ഞു. മറ്റ് കുട്ടികളും അത് ഏറ്റുപറഞ്ഞു. 'ചവറ് ആൽബം! ചവറ് ആൽബം!'

തന്റെ ആൽബത്തെക്കുറിച്ച് പറഞ്ഞിട്ട് ഇനി കാര്യമില്ലെന്ന് രാജപ്പയ്ക്ക് ബോധ്യമായി.

അവന്റെ ആൽബം അവന്റെ വിയർപ്പിന്റെ ഫലമായിരുന്നു. ഓരോന്നായി ശേഖരിച്ചുകൂട്ടിയത്. സിംഗപ്പൂരിൽ നിന്ന് കൊണ്ടുവന്ന ഒരു ആൽബം നാഗരാജനെ പ്രശസ്തനാക്കിയിരിക്കുന്നു. രണ്ടും തമ്മിലുള്ള വ്യത്യാസം പയ്യൻമാർ മനസ്സിലാക്കുന്നില്ല. ഇനി അവൻ അത് വിശദീകരിച്ചാലും മരത്തലയൻമാർ അത് മനസ്സിലാക്കുകയുമില്ല.

രാജപ്പയുടെ ഉള്ളിൽ ചിന്തകൾ പതഞ്ഞുപൊങ്ങി. സ്കൂളിൽ പോകാനുള്ള താൽപ്പര്യമേ അവനുണ്ടായില്ല. മറ്റ് പിള്ളേരെ കാണുന്നതിന് അവന് ലജ്ജതോന്നി. സാധാരണയായി ശനിയാഴ്ചയും ഞായറാഴ്ചയും സ്റ്റാമ്പുകൾ തിരഞ്ഞ് അവൻ മണിക്കൂറുകളോളം അലയും. എന്നാൽ ഈയാഴ്ച അവൻ വീട് വിട്ടെങ്ങും പോയില്ല. എല്ലാ ദിവസവും അവൻ ഒരു നൂറു തവണയെങ്കിലും തന്റെ ആൽബം നോക്കും. രാത്രി കിടന്ന ശേഷവും അവൻ ഉണർന്ന് തന്റെ ട്രങ്ക്പെട്ടി തുറന്ന് അൽപ്പനേരം ആൽബം തുറന്ന് നോക്കി വീണ്ടും കിടക്കാൻ പോകും. ഇപ്പോൾ അവന് തന്റെ ആൽബം കാണുന്നത് തന്നെ കലിയാണ്. നാഗരാജന്റെ ആൽബവുമായി തട്ടിച്ചുനോക്കുമ്പോൾ തന്റെ ആൽബം വെറും പപ്പടക്കെട്ടുകൾ മാത്രമാണെന്ന് അവന് തോന്നി.

അന്ന് അവൻ നാഗരാജന്റെ വീട്ടിലേക്ക് ചെന്നു. അവൻ ഒരു തീരുമാനമെടുത്തിരുന്നു. ഈ അപമാനം ഇനിയും അവന് താങ്ങാൻ കഴിയുമായിരുന്നില്ല.

നാഗരാജന് ഇപ്പോൾ എവിടുന്നോ ഒരു ആൽബം കിട്ടിയിരിക്കുന്നു. അത്രമാത്രം. സ്റ്റാമ്പ് ശേഖരിക്കുന്നതിന്റെ വിദ്യയൊന്നും അവനറിയില്ല. വലിയ ഒരു സ്റ്റാമ്പോ വലിയ രാജ്യത്തിന്റെ സ്റ്റാമ്പോ ആണ് വിലയേറിയത് എന്നായിരിക്കും അവന്റെ വിചാരം. അവൻ ഒരു

തുടക്കക്കാരൻ മാത്രമാണ്. എന്റെ കൈയ്യിലെ ഒന്നിനും കൊള്ളാത്ത സ്റ്റാമ്പ് അവന് കൊടുത്ത് അവന്റെ കൈയിലെ നല്ല ചില സ്റ്റാമ്പ് കൈക്കലാക്കണം. അങ്ങനെ ഞാൻ എത്രപേരെ പറ്റിച്ചിട്ടുണ്ട്. ഈ ഇടപാടിൽ അങ്ങനെ ചില സൂത്രപ്പണികളൊക്കെയുണ്ട്. ഞാൻ അതിന്റെ ആശാനാണ്. നാഗരാജനെ എളുപ്പം പറ്റിക്കാം.

നാഗരാജന്റെ വീട്ടിൽ എത്തിയ രാജപ്പ മുകളിലെ നിലയിലേക്ക് പോയി. ആവൻ ഇടയ്ക്കിടെ അവിടെ പോകാറുള്ളതിനാൽ ആരും ഒന്നും ചോദിച്ചില്ല. നാഗരാജന്റെ മേശക്കരികിൽ അവൻ ഇരുന്നു. അൽപ്പസമയം കഴിഞ്ഞപ്പോൾ നാഗരാജന്റെ പെങ്ങൾ കാമാക്ഷി വന്നു. 'ചേട്ടൻ ടൗണിൽ എന്തോ അത്യാവശ്യകാര്യത്തിന് പോയിരിക്കുകയാ. ആട്ടെ, നീ ചേട്ടന്റെ ആൽബം കണ്ടോ?'

''ഉം''.

''അത് ശരിക്കും മനോഹരമല്ലേ? സ്കൂളിൽ ആർക്കും അത്ര വലിയ ആൽബം ഇല്ല. അല്ലേ?''

''ആരാണ് നിന്നോട് പറഞ്ഞത്?''

''എന്റെ ചേട്ടൻ''

''വലിയ ആൽബം എന്നു പറഞ്ഞാൽ അതത്ര വലിയ ആൽബമൊന്നുമല്ല'' താൽപ്പര്യമില്ലാതെ രാജപ്പ പറഞ്ഞു.

കുറച്ചു കഴിഞ്ഞ് കാമാക്ഷി പോയി. അവൻ അവിടെ തനിച്ചായി.

രാജപ്പ മേശപ്പുറത്തെ പുസ്തകങ്ങൾ മറിച്ചു നോക്കി. പെട്ടെന്ന് അവന്റെ കൈ മേശ വലിപ്പിന്റെ പൂട്ടിൽ തടഞ്ഞു. ശരിക്കും പൂട്ടിയിട്ടുണ്ടോ എന്നറിയാൻ അവൻ വലിച്ചുനോക്കി. അത് പൂട്ടിയിരുന്നു. മുകളിലേക്ക് നോക്കിയപ്പോൾ ചുവരിൽ തൂക്കിയിട്ട താക്കോൽക്കൂട്ടം അവൻ കണ്ടു. ആരെങ്കിലും വരുന്നുണ്ടോ എന്ന് അവൻ കോണിപ്പടിക്ക് അരികിൽ ചെന്നു നോക്കി. വേഗം അവൻ താക്കോൽ എടുത്ത് മേശ തുറന്നു. മേശവലിപ്പിൽ ഏറ്റവും മുകളിലായി ആൽബമുണ്ട്. അവൻ അതെടുത്ത് ആദ്യപേജിൽ എഴുതിയത് വായിച്ചു. അവന്റെ ഹൃദയം പടപടാ മിടിക്കുന്നുണ്ടായിരുന്നു. പൊടുന്നനെ അവൻ ആൽബം ഷർട്ടിനകത്ത് നിക്കറിന് മുകളിലായി തിരുകി. മേശവലിപ്പ് പൂട്ടി, ചുറ്റുംനോക്കി അവൻ വീട്ടിലേക്ക് ഓടി.



വീട്ടിൽ ബുക്ക് ഷെൽഫിന് പിന്നിലായി അവൻ ആൽബം ഒളിച്ചു വച്ചു. അവൻ പുറത്തേക്കിറങ്ങി. ശരീരം പൊള്ളുന്നത് പോലെ അവന് തോന്നി. തൊണ്ട വരളുന്നത് പോലെ. മുഖമാകെ ചുവന്ന് തുടുത്തു.

രാത്രി എട്ട് മണിക്ക് തൊട്ടടുത്ത വീട്ടിലെ അപ്പു അവന്റെ വീട്ടിൽ വന്നു. കൈയ്യും കാലും കുടഞ്ഞ് കൊണ്ട് വെപ്രാളത്തോടെ അവൻ കാര്യം പറഞ്ഞു. നാഗരാജന്റെ ആൽബം കാണാനില്ല! അവനും നാഗരാജനോടൊപ്പം ടൗണിൽ പോയിരുന്നു. അവൻ തിരിച്ചു വന്നപ്പോൾ ആൽബം അപ്രത്യക്ഷമായിരുന്നു.

രാജപ്പ ഒന്നും പറഞ്ഞില്ല. അപ്പു പോയെങ്കിൽ എന്ന് അവൻ ആഗ്രഹിച്ചു. അപ്പു പോയപ്പോൾ അവൻ വീട്ടിനകത്ത് പോയി കുറ്റിയിട്ടു. ഷെൽഫിൽ നിന്ന് ആൽബം എടുത്തു. അവന്റെ കൈകൾ മരവിച്ചിരുന്നു. ആൽബവുമായി നിൽക്കുന്ന തന്നെ ജനാലയിലൂടെ ആരെങ്കിലും കാണുമോ എന്ന് അവൻ ഭയന്നു. അവൻ വേഗം ആൽബം ഷെൽഫിന്റെ മൂലയിലേക്ക് തിരുകി വെച്ചു.

അവന് അത്താഴം കഴിക്കാൻ പറ്റിയില്ല. വയറ് വീർത്തിരിക്കുന്നു. വീട്ടിലെല്ലാവരും ചോദിച്ചു ''എന്തു പറ്റി?'' തന്റെ മുഖം ഭയാനകമായിരിക്കുന്നതായി അവന് തോന്നി.

ഉറങ്ങാൻ പോകാമെന്ന് അവൻ വിചാരിച്ചു. പായവിരിച്ചു. അവന് ഉറക്കം വന്നില്ല. ഷെൽഫിൽ വച്ച ആൽബം ആരെങ്കിലും കാണുമോയെന്ന് അവൻ ഭയന്നു. അവൻ അതെടുത്ത് തലയണക്കടിയിൽ ഒളിച്ചു വച്ചു.

രാത്രി എപ്പോഴാണ് ഉറങ്ങിപ്പോയതെന്ന് അവനറിയില്ല. അച്ഛനും അമ്മയും ഇടക്കിടെ മുറിയിൽ വന്നുപോയിരുന്നതിനാൽ അവന്

തലയിണക്കടിയിൽ നിന്ന് ആൽബമെടുക്കാൻ കഴിഞ്ഞില്ല. അതിനാൽ അവൻ ആൽബമടക്കം പായ ചുരുട്ടി അതിന് മുകളിലിരുന്നു.

രാവിലെ അപ്പു വീണ്ടും വന്നു. രാജപ്പ അപ്പോഴും പായയിൽ ഇരിക്കുകയായിരുന്നു.

''നീ ഇന്നലെ അവന്റെ വീട്ടിൽ പോയിരുന്നോ?'' അപ്പു ചോദിച്ചു.

രാജപ്പയുടെ ഉള്ള് കാളി. ഇല്ലെന്ന് അവൻ തലയാട്ടി. അപ്പു അത് വിശ്വസിക്കുമെന്ന് അവൻ കരുതി.

''ഞങ്ങൾ ടൗണിൽ പോയശേഷം, നീ മാത്രമാണ് അവിടെ വന്നത്; കാമാക്ഷി പറഞ്ഞു.'' അപ്പു പറഞ്ഞു. അവർക്ക് അവനെ സംശയമുണ്ടെന്ന് രാജപ്പക്ക് മനസ്സിലായി.

''ഇന്നലെ രാത്രി മുഴുവൻ നാഗരാജൻ കരയുകയായിരുന്നു. അവന്റെ അച്ഛൻ പോലീസിനെ വിളിക്കുമായിരിക്കും'' അപ്പു പറഞ്ഞു.

രാജപ്പക്ക് ഉത്തരമുണ്ടായിരുന്നില്ല

''അവന്റെ അച്ഛൻ എസ്.പി. ഓഫീസിൽ അല്ലേ ജോലി ചെയ്യുന്നത്? പോലീസുകാർ മുഴുവനും ഉടൻ എത്തും''

അപ്പു വീണ്ടും പറഞ്ഞു.

ഭാഗ്യവശാൽ അപ്പുവിന്റെ ചേട്ടൻ വന്ന് അവനെ വിളിച്ചുകൊണ്ടു പോയി.

രാജപ്പയുടെ അച്ഛൻ പ്രാതൽ കഴിച്ച് ഓഫീസിലേക്ക് പോയി. വാതിൽ അകത്തു നിന്ന് അടച്ചു.

രാജപ്പ ഒന്നും ചെയ്യാതെ കട്ടിലിൽ ഇരിക്കുകയായിരുന്നു ''പോലീസ്, പോലീസ്'' എന്ന് അവൻ പിറുപിറുത്തു. പെട്ടെന്ന് ആരോ വാതിലിൽ മുട്ടി.

''ആരാ മുട്ടിയതെന്ന് നോക്കുമോനേ!'' അമ്മ വിളിച്ചു പറഞ്ഞു. അമ്മ വാതിൽ തുറന്നോളുമെന്ന് അവൻ വിചാരിച്ചു.

അവൻ കുളിമുറിയിലേക്ക് ഓടി. അകത്ത് കയറി കുറ്റിയിട്ടു. വെള്ളം ചൂടാക്കാൻ തടിക്കഷ്ണങ്ങൾ വച്ച അടുപ്പിൽ വെള്ളം തിളക്കുന്നുണ്ടായിരുന്നു. വിറക് നന്നായി കത്തുന്നുണ്ടെന്ന് അവൻ കണ്ടു. ആൽബം അവൻ അടുപ്പിലേക്കെറിഞ്ഞു. നിമിഷങ്ങൾക്കകം ആൽബം വെണ്ണീറായി. മനോഹരമായ അപൂർവ സ്റ്റാമ്പുകൾ എല്ലാം കത്തിക്കരിഞ്ഞു ചാമ്പലായി. അവന്റെ കണ്ണിൽ നിന്നും കണ്ണീരൊഴുകി വീണു.

''എടാ, വേഗം കുളിച്ച് ഇങ്ങുവാ... നാഗരാജൻ നിന്നെ കാത്തിരിക്കുന്നു'' അമ്മ വിളിച്ചു പറഞ്ഞത് അവൻ കേട്ടു.

രാജപ്പ നിക്കർ ഊരി അയയിലിട്ടു. ഒരു ടൗവൽ ധരിച്ചു കൊണ്ട് കുളിമുറിയിൽ നിന്ന് പുറത്തേക്കുവന്നു. ഷർട്ടും നിക്കറും ധരിച്ചുകൊണ്ട് അവൻ നാഗരാജനെ കാണാൻ ചെന്നു.

നാഗരാജൻ അവന്റെ മേശക്കരികിൽ ഇരിക്കുന്നുണ്ടായിരുന്നു.

രാജപ്പയെ കണ്ടതും അവൻ കരയാൻ തുടങ്ങി ''എന്റെ ആൽബം കളഞ്ഞുപോയി!'' ഘനീഭവിച്ച സ്വരത്തിൽ അവൻ പറഞ്ഞു. അവൻ ഏറെ ദു:ഖിതനായിരുന്നു. ഏറെ കരഞ്ഞിട്ടുണ്ടെന്ന് അവന്റെ കണ്ണുകൾ പറയുന്നുണ്ടായിരുന്നു.

''നീയത് എവിടെയാ വച്ചിരുന്നത്?'' രാജപ്പ ചോദിച്ചു.

''അത് മേശവലിപ്പിൽ വച്ച് പൂട്ടിയത് എനിക്ക് നല്ലോണം ഓർമ്മയുണ്ട്.''

അവന്റെ കണ്ണിൽ നിന്ന് കണ്ണുനീരൊഴുകി. അവൻ രാജപ്പയിൽ നിന്ന് മുഖം തിരിച്ചു.

''കരയല്ലേ, കരയല്ലേ'' രാജപ്പ അവനെ ആശ്വസിപ്പിച്ചു. രാജപ്പ സമാധാനിപ്പിച്ചപ്പോൾ നാഗരാജൻ കൂടുതൽ കരയാൽ തുടങ്ങി.

രാജപ്പ താഴത്തേക്ക് പോയി ഒരു മിനിട്ടിനുള്ളിൽ തിരികെ വന്നു. അവന്റെ കൈയിൽ തന്റെ ആൽബമുണ്ടായിരുന്നു.

''നാഗരാജാ, ഇങ്ങോട്ട് നോക്കൂ! ഇതെന്റെ ആൽബമാണ്. ഇത് നീയെടുത്തോ. ഇത് നിനക്ക് തന്നെയുള്ളതാണ്. എന്തിനാ തുറിച്ചു നോക്കുന്നത്? ഞാൻ തമാശ പറയുകയല്ല. ഇത് ഇനി എന്നും നിനക്കുള്ളതായിരിക്കും''

''നീ കാര്യമായിട്ട് പറഞ്ഞതാണോ'' നാഗരാജൻ ചോദിച്ചു.

''അതേ; ഞാൻ ഇത് നിനക്ക് തരികയാണ്. ഉറപ്പ്. ഇത് നിനക്കുള്ളതാണ്. ഇത് വച്ചോളൂ''

'രാജപ്പ തന്റെ ആൽബം കൊടുക്കുകയോ? അങ്ങനെ സംഭവിക്കുമോ?' നാഗരാജന് വിശ്വസിക്കാനായില്ല.

പക്ഷേ രാജപ്പ ആവർത്തിച്ചുകൊണ്ടിരുന്നു.

അവന്റെ സ്വരം കടുക്കുവാൻ തുടങ്ങിയിരുന്നു.

''ഇത് നീ എനിക്ക് തന്നാൽ, നീ എന്തു ചെയ്യും''

''എനിക്ക് ഇതുവേണ്ട''

''ഒരു സ്റ്റാമ്പ് പോലും നിനക്ക് വേണ്ടേ?''

''വേണ്ട''

''നിന്റെ സ്റ്റാമ്പില്ലാതെ നീ എങ്ങിനെ ജീവിക്കും?''

നാഗരാജൻ ചോദിച്ചു.

രാജപ്പ കരയുവാൻ തുടങ്ങിയിരുന്നു.

''നീയെന്തിനാ കരയുന്നത്? നിന്റെ ആൽബം നീ എനിക്ക് തരേണ്ട. നീ എത്ര കഷ്ടപ്പെട്ടിട്ടാണ് ഈ സ്റ്റാമ്പുകൾ ശേഖരിച്ചത്?'' നാഗരാജൻ പറഞ്ഞു.

''വേണ്ട, നീ ഇതു വച്ചോ. ഇത് നിന്റെ കൈയിൽ ഇരിക്കട്ടെ. ഇതെടുത്ത് വീട്ടിലേയ്ക്ക് പൊയ്ക്കോളൂ'' കരച്ചിലടക്കികൊണ്ട് രാജപ്പ ആക്രോശിച്ചു.

നാഗരാജന് ഒന്നും മനസ്സിലായില്ല. ആൽബം കൈയിലെടുത്ത് അവൻ പുറത്ത് പോകാൻ ഒരുങ്ങി. കുപ്പായംകൊണ്ട് കണ്ണീർ തുടച്ച് രാജപ്പ അവന്റെ പിറകെ ചെന്നു. രണ്ടുപേരും വാതിലിനരികിലെത്തി.

''നിന്റെ ആൽബം എനിക്ക് തന്നതിന് നന്ദി. ഞാനിപ്പോൾ പോകട്ടെ'' പടിയിറങ്ങുവാൻ തുടങ്ങുമ്പോൾ നാഗരാജൻ ചോദിച്ചു.

''നാഗരാജാ!'' രാജപ്പ വിളിച്ചു.

നാഗരാജൻ തിരിഞ്ഞു നോക്കി.

''ആ ആൽബം ഒന്നിങ്ങു തരൂ. ഞാൻ ഇന്ന് രാത്രി ഇരുന്ന് മുഴുവൻ ആൽബവും ഒന്നുകൂടി കണ്ടിട്ട് നാളെ രാവിലെ നിനക്ക് തിരിച്ചു തരാം'' രാജപ്പ പറഞ്ഞു.

''ശരി'' നാഗരാജൻ ആൽബം തിരികെ നൽകി.

രാജപ്പ മുകളിലെ മുറിയിലേക്ക് പോയി വാതിലടച്ചു. ആൽബം നെഞ്ചോട് ചേർത്ത് കെട്ടിപ്പിടിച്ചു അവൻ ഏങ്ങിയേങ്ങി കരഞ്ഞു.

ലേഖനം

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ 1991-നു ശേഷം

ബിരാജ് പി. ആർ.
(അണ്ടർ സെക്രട്ടറി)

1991ലെ സാമ്പത്തിക പരിഷ്കാരങ്ങൾ ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ സ്ഥായിയായ മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്. ഉദാരവത്കരണം, സ്വകാര്യവത്കരണം, ആഗോളവത്കരണം (Liberalization, Privatization, Globalization - LPG) എന്നീ മൂന്ന് കാര്യങ്ങളിലൂന്നിയാണ് പ്രസ്തുത പരിഷ്കാരങ്ങൾ നടപ്പിലാക്കിയത്. സ്വാതന്ത്ര്യാനന്തരം ഇന്ത്യ ഒരു മിശ്ര സമ്പദ്‌വ്യവസ്ഥ (Mixed Economy) എന്ന ആശയമാണ് തെരഞ്ഞെടുത്തത്. അന്ന് നിലവിലുണ്ടായിരുന്ന മുതലാളിത്ത സമ്പദ്‌വ്യവസ്ഥ (Capital Economy - Eg: USA, UK, France etc.), സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ (Socialist Economy eg:- Russia, China, Cuba etc.) എന്നിവയിലെ നല്ല വശങ്ങൾ ഉൾപ്പെടുത്തിയുള്ളതായിരുന്നു ഇന്ത്യൻ മിശ്ര സമ്പദ്‌വ്യവസ്ഥ.

1991-ലെ പരിഷ്കാരങ്ങൾ വഴി നമുക്ക് മറ്റ് രാജ്യങ്ങളുമായുള്ള വ്യാപാരത്തിനും കയറ്റുമതി - ഇറക്കുമതികൾക്കും മറ്റും ഉണ്ടായിരുന്ന നിലപാടുകളും വ്യവസ്ഥകളും ഉദാരമാക്കി. തന്മൂലം വിദേശ നിർമ്മിത ഉല്പന്നങ്ങൾ വൻ തോതിൽ ഇന്ത്യൻ മാർക്കറ്റുകളിൽ ലഭ്യമായി തുടങ്ങി. അതുവരെ ചൈനയുടെ ഉല്പന്നങ്ങളായ ചീനചട്ടി, ചീനവല, ഹീറോ പേന തുടങ്ങി വിരലിലെണ്ണാവുന്ന ഉല്പന്നങ്ങളേ നമുക്ക് പരിചിതമായി ഉണ്ടായിരുന്നുള്ളൂ. 1990-കളിൽ ചൈനയുടെ കാർഷിക വ്യാവസായിക ഉല്പന്നങ്ങൾ ക്രമാതീതമായി കുന്നുകൂടുകയും അവയ്ക്ക് ചൈനയ്ക്ക് പുറത്ത് മാർക്കറ്റ് കണ്ടെത്തേണ്ട അവസ്ഥ ചൈനയ്ക്കുണ്ടായി. അതുവരെ ഒരു അടഞ്ഞ സമ്പദ്‌വ്യവസ്ഥ (Closed Economy) ആയിരുന്ന ചൈനയും അവരുടെ എല്ലാ മാർക്കറ്റുകളും ലോകത്തിനു മുന്നിലേയ്ക്ക് തുറന്നുവെയ്ക്കേണ്ടി വന്നു. അങ്ങനെ 21-ാം നൂറ്റാണ്ടിന്റെ പ്രാരംഭം മുതൽ ഇന്ത്യൻ വിപണിയിലും ചൈനീസ് ഉല്പന്നങ്ങൾ വൻതോതിൽ ലഭിക്കാൻ തുടങ്ങി.

1991-ലെ സാമ്പത്തിക പരിഷ്കാരത്തിന്റെ മറ്റൊരു നേട്ടം നേരിട്ടുള്ള വിദേശ നിക്ഷേപം [Foreign Direct Investment (FDI)] ആണ്. ലോകത്തെ പല

മൾട്ടിനാഷണൽ കമ്പനികളും ഇതുവഴി ഇന്ത്യയിൽ അവരുടെ കമ്പനികൾ സ്ഥാപിക്കാൻ തയ്യാറായി. അതിന്റെ ഫലമായാണ് Nokia India, Samsung India, LG India എന്നിങ്ങനെയുള്ള കമ്പനികൾ ഇന്ത്യയിൽ പുതിയ കമ്പനികൾ തുടങ്ങുകയും അതുവഴി ഇന്ത്യയുടെ GDP ഉയരുകയും നിരവധി തൊഴിലവസരങ്ങൾ ഉണ്ടാവുകയും ചെയ്തു.

തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്ര, പഞ്ചാബ്, ഗുജറാത്ത്, രാജസ്ഥാൻ, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ കാർഷിക-വ്യാവസായിക ഉണർവ്വിന് ഈ സാമ്പത്തിക പരിഷ്കാരങ്ങൾ കാരണമായിട്ടുണ്ട്.

ലോകത്തിന്റെ പല രാജ്യങ്ങളിലും (ഉദാ: അർജന്റീന, റഷ്യ, ശ്രീലങ്ക, പാകിസ്ഥാൻ) സാമ്പത്തിക മാന്ദ്യവും അരക്ഷിതാവസ്ഥ ഉണ്ടായപ്പോഴും അങ്ങനെയുള്ള സാമ്പത്തിക പ്രശ്നങ്ങൾ ഇന്ത്യൻ സമ്പദ്വ്യവസ്ഥയെ ബാധിച്ചിട്ടില്ല.

ഇപ്പോഴും റിസർവ് ബാങ്കിന്റെ നയരൂപീകരണങ്ങൾക്കനുസൃതമായാണ് ഇന്ത്യൻ സമ്പദ്വ്യവസ്ഥ ചലിക്കുന്നത്. രാജ്യത്ത് പണപ്പെരുപ്പം (Inflation) കൂടുമ്പോൾ SLR (Statutory Liquid Ratio), CRR (Cash Reserve Ratio) പലിശ നിരക്ക് ഉയർത്തിയും സമ്പദ്വ്യവസ്ഥയുടെ പണലഭ്യത കുറയ്ക്കാൻ RBIയ്ക്ക് കഴിയുന്നു.

അതുപോലെ സമ്പദ്വ്യവസ്ഥയിൽ പണച്ചുരുക്കം/മാന്ദ്യം (Deflation/ Depression) അനുഭവപ്പെടുമ്പോൾ SLR, CRR എന്നിവയും പലിശ നിരക്കും കുറച്ച് സമ്പദ്വ്യവസ്ഥയിലേയ്ക്ക് കൂടുതൽ പണമെത്തിക്കാനും RBIയ്ക്ക് കഴിയുന്നുണ്ട്. ഇന്ത്യൻ സമ്പദ്വ്യവസ്ഥ ഇങ്ങനെ സ്ഥിരമായി നിൽക്കുന്നതുമൂലമാണ് ഹവാലാ പണം, കള്ളനോട്ട്, വിദേശപണം കടത്തൽ തുടങ്ങിയ പ്രവൃത്തികൾ കൊണ്ട് വിശാലമായ ഇന്ത്യൻ സമ്പദ്വ്യവസ്ഥയിൽ ചെറുചലനം പോലും ഉണ്ടാക്കാൻ കഴിയാത്തത്.

സ്വകാര്യവത്കരണത്തെ നാം പലപ്പോഴും വിമർശിക്കുന്നുണ്ട്. ഒരു സ്ഥാപനം 100% ഓഹരി പങ്കാളിത്തം സർക്കാരിന്റേതായി പ്രവർത്തിക്കുമ്പോൾ നഷ്ടത്തിലാകുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ഇവയിലെ കുറച്ച് ഓഹരികൾ പൊതുവിപണിയിൽ പണമുള്ളവർക്കു നൽകി സർക്കാർ ക്രമേണ പിൻവാങ്ങുന്നതാണ് ഇന്ത്യയുടെ സ്വകാര്യവത്കരണത്തിന്റെ രീതി. സ്വാഭാവികമായും പണം നിക്ഷേപിക്കുന്ന സ്വകാര്യവ്യക്തികൾ ലാഭം പ്രതീക്ഷിക്കുകയും അതിനനുസരിച്ച് സ്ഥാപനം കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യും. സർക്കാർ ഇങ്ങനെ പൊതുമേഖലയിൽ നിന്നും പിൻവാങ്ങുമ്പോൾ ലഭിക്കുന്ന പണം ഉപയോഗിച്ച് രാജ്യത്ത് ക്ഷേമ പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും നടത്തുന്നതുവഴി സാമ്പത്തിക അസന്തുലിതാവസ്ഥ മാറി സുസ്ഥിരവികസനം (Sustainable Development) സാധ്യമാകും.

പൊതുവെ ജനങ്ങളുടെ ജീവിത നിലവാരം ഉയരുന്നതനുസരിച്ച് ആ സമ്പദ്വ്യവസ്ഥ, മുതലാളിത്ത സമ്പദ്വ്യവസ്ഥയുടെ സ്വഭാവം കാണിക്കും. ജനങ്ങളുടെ ജീവിത നിലവാരം കൂടുന്നത് അനുസരിച്ച് ഗ്രാമങ്ങളിൽപോലും എല്ലാ വീടുകളിലും ഒരു കാർ അല്ലെങ്കിൽ ഒരു ടൂ വീലർ എങ്കിലും ഉണ്ടാകുന്ന സാഹചര്യമാണ്. ഇവ ഉള്ളവർ പൊതുവെ പൊതുഗതാഗത മാർഗ്ഗം ഉപയോഗിക്കുന്നതിൽ നിന്നും പിൻവാങ്ങുന്നു. മാത്രമല്ല ദീർഘദൂര യാത്രക്കാർ കൂടുതൽ ആകർഷകമായ സ്വകാര്യ ബസ്സുകളിലോ അല്ലെങ്കിൽ ട്രെയിനിലോ യാത്ര ചെയ്യുന്നു. ഇവയൊക്കെ മൂലം പൊതുഗതാഗത സംവിധാനത്തിലെ യാത്രക്കാരുടെ എണ്ണം ക്രമാനുഗതമായി കുറഞ്ഞുവരുന്നു. വരുമാനവും ചെലവും തമ്മിൽ ഒരിക്കലും പൊരുത്തപ്പെടാത്തവിധം അകന്നു പൊയ്ക്കൊണ്ടിരിക്കുമ്പോൾ പൊതുമേഖലയ്ക്ക് അധികകാലം പിടിച്ചുനിൽക്കാൻ കഴിയാതെ വരുന്നു. ഇങ്ങനെയുള്ള അവസ്ഥയിൽ സ്വകാര്യവത്കരണം അനിവാര്യമായി തീരുന്നു.

വേറൊരു ഉദാഹരണം എടുത്താൽ ഇന്ത്യയിലെ വൈദ്യുതി വിതരണത്തിന്റെ കുത്തക (Monopoly) മിക്കവാറും പൊതുമേഖലയ്ക്കാണ്. ഇക്കാരണത്താൽ എത്ര വൈദ്യുതി നിരക്ക് കൂടിയാലും ജനങ്ങൾ അത് സഹിക്കേണ്ടിവരുന്നു. എന്നാൽ സ്വകാര്യ മേഖലയ്ക്കുകൂടി വൈദ്യുതി ഉത്പാദന-വിതരണത്തിൽ അവകാശം നൽകിയാൽ പൊതുമേഖലയ്ക്ക് അവരുമായി മത്സരിക്കേണ്ട സാഹചര്യം ഉണ്ടാവുകയും അതിന്റെ ഫലമായി നല്ല സേവനം കുറഞ്ഞ ചെലവിൽ ഗുണഭോക്താക്കൾക്ക് ലഭിക്കുകയും ചെയ്യും.

1991-ലെ സാമ്പത്തിക പരിഷ്കാരങ്ങളുടെ മറ്റൊരു സവിശേഷതയാണ് ആഗോളവൽക്കരണം (Globalization). ഓരോ രാജ്യവും അവരവരുടെ കാര്യം മാത്രം നോക്കാതെ ഉല്പാദനത്തിലും വിതരണത്തിലും സേവനങ്ങളിലും ലോകത്തെ ഒന്നാകെ പരിഗണിയ്ക്കുകയും ലോക മാർക്കറ്റ് പിടിച്ചെടുക്കാനും ഇതുവഴി സാധിക്കുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ FDI (Foreign Direct Investment) വർദ്ധിക്കുന്നതുമൂലം പല മൾട്ടിനാഷണൽ കമ്പനികൾക്കും വികസ്വര അവികസിത രാജ്യങ്ങളിൽ പോലും അവർക്ക് ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കാൻ കഴിയുകയും ആ രാജ്യങ്ങളിലെ പ്രകൃതി വിഭവങ്ങളും Human Resources ഉം ചെലവ് കുറഞ്ഞ നിരക്കിൽ ലഭ്യമാകുന്നതിലൂടെ ഉല്പന്നങ്ങൾ വില കുറച്ച് വിൽക്കാൻ സാധിക്കുകയും ചെയ്തു. ഇന്ന് ഇന്ത്യൻ നിർമ്മിത റെയിൽ കോച്ചുകൾ, കാർഷിക ഉപകരണങ്ങൾ, വാഹനങ്ങൾ എന്നിവ ലാറ്റിൻ അമേരിക്ക, ആഫ്രിക്ക, തെക്ക് കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കാൻ സാധിക്കുന്നു. കമ്പ്യൂട്ടർ, അനുബന്ധ സാമഗ്രികൾ എന്നിവ നാം അമേരിക്കയിലേയ്ക്ക് വരെ കയറ്റി അയയ്ക്കുകയും Computer Experts അവിടെ ധാരാളമായി ജോലി ചെയ്യുകയും ചെയ്യുന്നു.

1991-ലെ സാമ്പത്തിക പരിഷ്കാരങ്ങളുടെ ഗുണഫലങ്ങൾ സൂചിപ്പിക്കുമ്പോൾ തന്നെ അതിനെ വിമർശിക്കുന്നതും സ്വാഭാവികമാണ്. ആഗോള കുത്തക സ്ഥാപനങ്ങൾ ഇന്ത്യയിലേയ്ക്ക് ഉദാര വ്യവസ്ഥകളുമായി കടന്നു വരുമ്പോൾ നമ്മുടെ രാജ്യത്തുള്ള സമാന സംരംഭങ്ങൾക്ക് അവരോട് മത്സരിച്ച് പിടിച്ചു നിൽക്കാൻ കഴിയാതെ വരികയും അവ പൂട്ടി പോകുന്ന അവസ്ഥയുണ്ടാവുകയും ചെയ്യുന്നുവെന്ന ആക്ഷേപം ഒരു പരിധി വരെ ശരിയാണ്. എന്നാൽ ഈ മൾട്ടിനാഷണൽ കമ്പനികൾ വൻതോതിൽ ഉല്പാദനം നടത്തുമ്പോൾ അത് വഴി ഇന്ത്യയുടെ GDP ഉയരുകയും നികുതി ഇനത്തിലും അസംസ്കൃത വസ്തുക്കളുടെ ഉപയോഗം കൂടുന്നതു വഴിയും ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. അതിനാൽ അത്തരം വിമർശനങ്ങളെ കാര്യമാക്കേണ്ടതില്ല.

അതുപോലെ സ്വകാര്യവത്ക്കരണം രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റ് തുലയ്ക്കുന്നു എന്ന ആക്ഷേപമാണ് മുഖ്യമായും ഉണ്ടാകുന്നത്. മുകളിൽ സൂചിപ്പിച്ചതുപോലെ ഇന്ത്യയെപ്പോലെ ലോകത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ഒരു രാജ്യത്ത് പൊതുമേഖലയിൽ സ്ഥാപനങ്ങൾ കാര്യക്ഷമമായി നടത്തി കൊണ്ടു പോകാൻ കഴിയാത്ത അവസ്ഥയിലും, ജനക്ഷേമ പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക ആവശ്യമാകുന്ന ഘട്ടത്തിലും ഓഹരി വില്പനയിലൂടെ പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുന്നത് ഭാവിയിൽ രാജ്യത്തിന് ഗുണകരമാകുന്നതാണ്.

അവസാനമായി ഇന്ത്യയിൽ ഇപ്പോഴും അസമത്വവും ദാരിദ്ര്യവും നിലനിൽക്കുന്നതായുള്ള വിമർശനങ്ങൾ ഉണ്ടാകുന്നുണ്ട്. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുമ്പോൾ ഏകദേശം 30 കോടി ജനങ്ങളാണ് ഇന്ത്യയിലുണ്ടായിരുന്നത്. 75 വർഷം പിന്നിടുമ്പോൾ ജനസംഖ്യ അഞ്ച് ഇരട്ടിയോളം വർദ്ധിച്ച് 150 കോടിയോട് അടുത്തുകൊണ്ടിരിക്കുന്നു. ഇന്ത്യയ്ക്കൊപ്പം ജനസംഖ്യയുള്ള ചൈനയ്ക്ക് ഇന്ത്യയേക്കാൾ മൂന്നിരട്ടി വലിപ്പവും അതിനനുസരിച്ചുള്ള പ്രകൃതി വിഭവങ്ങളും ഉണ്ട്. ഇന്ത്യയെപ്പോലെ വൈവിധ്യങ്ങൾ നിറഞ്ഞ സംസ്കാരവും ഭൂപ്രകൃതിയുമുള്ള വലിയ ജനസംഖ്യയുമുള്ള ഒരു രാജ്യത്ത് എല്ലാ ജനങ്ങളെയും ഒരേപോലെ സമത്വത്തിലേയ്ക്ക് കൊണ്ടുവരിക എളുപ്പമുള്ള കാര്യമല്ല.

വികസനപ്രവർത്തനങ്ങളും വൻകിട അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിച്ച് രാജ്യം മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുമ്പോൾ തന്നെ സ്വാഭാവികമായി അസമത്വം ക്രമേണ കുറഞ്ഞുവരികയും ജനങ്ങളുടെ ജീവിത നിലവാരം അതിനനുസരിച്ച് ഉയർന്നുവരിക തന്നെ ചെയ്യും. രാജ്യത്തെ രാഷ്ട്രീയ മാറ്റങ്ങൾ എങ്ങനെയൊക്കെ ഉണ്ടായാലും 1991-ലെ സാമ്പത്തിക പരിഷ്കാരങ്ങളിൽ നിന്നും ഒരു സർക്കാരിനും പിന്നോട്ട് പോകാൻ പറ്റാത്ത സ്ഥിതിയാണ് നിലവിലുള്ളത്. പോരായ്മകളും വിമർശനങ്ങളും ഉണ്ടെങ്കിലും ഇന്ത്യയുടെ ഭാവി പുരോഗതിയ്ക്ക് പ്രസ്തുത സാമ്പത്തിക പരിഷ്കാരങ്ങൾ അനിവാര്യമായ ഒന്നായി മാറിയിരിക്കുന്നു.

രമേശ് ഡി. നായർ
(ഓഫീസ് അറ്റൻഡന്റ്)

നാവ്

കാലത്തിൻ കയ്യൂക്ക് കാട്ടിടും നാവ്
കാഴ്ചകൾ ചൊല്ലിപ്പറഞ്ഞതും നാവ്
നേരിന്റെ ചിത്രം വരച്ചതും നാവ്
ചിത്തത്തിലഗ്നി പടർത്തിയതും നാവ്

കണ്ണിൽ തെളിഞ്ഞൊരാ കാഴ്ചകളൊക്കെയും
ചന്തത്തിലാക്കി പറഞ്ഞതും നാവ്
മാറാലകെട്ടിയൊരോർമകളൊക്കെയും
മങ്ങാതെ മായാതെ തെളിയിച്ചതും നാവ്

നമ്മൾ തെളിക്കുന്ന ജീവിതയാത്രയിൽ
സംസാരദു:ഖത്തിലാണ്ടിടും നേരം
വേലികൾ കെട്ടിത്തടഞ്ഞിടും നാവ്

സത്യങ്ങൾ ചൊല്ലുന്ന നാവിനെ പിഴുതിടാൻ
കലിപൂണ്ട് നിൽക്കുന്ന മാനവർക്കൊപ്പം
തിന്മയെ നേരിടാൻ നമ്മളൊരുക്കണം
നാവുകൾ കൊണ്ടൊരു നീതിപീഠം
സത്യത്തിൻ വാക്കുകൾ കൊണ്ടൊരു നീതിപീഠം.

ഉയർച്ചയിലേക്കുള്ള യാത്ര

കെ. സോമൻ
(പാർടൈം ക്ലീനർ റിട്ട.)

പ്രഭാത സൂര്യന്റെ ഇളം വെയിലേറ്റ് വാടിതളർന്നു മെല്ലെ, മെല്ലെ റോഡിന്റെ ഒരു സൈഡിൽ കൂടി നടന്നു വരുന്ന മൂന്നുകുഞ്ഞുങ്ങൾ. ഏതോ അനാഥ കുട്ടികളാണെന്ന് തോന്നുന്നു. കടവരാന്തയിൽ ഇരുന്നതിൽ പ്രായമായ ഒരാൾ കൂടെ ഇരുന്നവരോട് പറഞ്ഞു ''പാവം കുട്ടികൾ''.

''നിങ്ങൾ എവിടേയ്ക്കാണ് യാത്ര?'' നിറഞ്ഞ കണ്ണുകളോടെ വിതുമ്പി കരഞ്ഞുകൊണ്ട് മൂത്ത കുട്ടി പറഞ്ഞു ''എവിടെ പോകുന്നതെന്ന് ഞങ്ങൾക്ക് അറിയില്ല. ഞങ്ങളുടെ അച്ഛൻ മരിച്ചതിനു ശേഷം കുറെ ദിവസം കഴിഞ്ഞ് ഒരസുഖം ബാധിച്ച് അമ്മയും മരിച്ചു. അങ്കിളിന്റെ വീട്ടിൽ ഇത്രയും നാൾ കഴിഞ്ഞു.''

''നിങ്ങളെ വളർത്താൻ ഞങ്ങളെക്കൊണ്ട് കഴിയില്ല. ഞങ്ങളെ ശല്യപ്പെടുത്താതെ ഏതെങ്കിലും ബന്ധുവിന്റെ വീട്ടിൽപോയി ജീവിച്ചുകൂടെ നിങ്ങൾക്ക്, എന്ന് എല്ലാ ദിവസവും ആന്റി ഞങ്ങളെ വഴക്കുപറയും. ആ കാരണത്താൽ എവിടെയെങ്കിലും പോകാമെന്ന് ഞങ്ങൾ വിചാരിച്ചു''.

മാതാപിതാക്കളില്ലാത്ത കുഞ്ഞുങ്ങളെ ആട്ടിപ്പുറത്താക്കാൻ അവർക്കെങ്ങനെ തോന്നി? എല്ലാവരുടെയും സ്വഭാവം ഒരു പോലെയ

ല്ലല്ലോ. ഇങ്ങനെയുള്ള ബന്ധുക്കൾ ഉണ്ടായിരുന്നിട്ടെന്തു ഫലം ?

''ചേച്ചി... എനിക്ക് വിശക്കുന്നു. എവിടെനിന്നെങ്കിലും കഴിയ്ക്കാൻ ആഹാരം വാങ്ങിതാ.'' ഇളയകുട്ടി പതുക്കെ തൊണ്ടയിടറിയ സ്വരത്തിൽ പറഞ്ഞു.

''നിങ്ങളുടെ അച്ഛന്റെ പേര്?''

''ആനന്ദൻ''

''ഓ മനസ്സിലായി ഒരു ബന്ധുവിന്റെ വീട്ടിൽ കുട്ടികൾ നിൽക്കുന്നു എന്നാണ് അറിഞ്ഞത്.''

''മൂന്നുപേരുടെയും പേരെന്താണ്?''

''ആര്യ, ആദിത്യ, ആരോമൽ''.

''ഓരോ കുഞ്ഞിനെ വീതം മൂന്നു വീട്ടുകാരായി ബന്ധുക്കൾ കൊണ്ടുപോയി വളർത്തിയെങ്കിൽ മതിയായിരുന്നു. എല്ലാവരും ഈ കുഞ്ഞുങ്ങളെ ഉപേക്ഷിക്കാൻ എന്തു തെറ്റാണവർ ചെയ്തത്.''

അവിടെയിരുന്നവരിൽ, ഒരാൾക്ക് കുഞ്ഞുങ്ങളോട് സഹതാപം തോന്നി. ചായയും പലഹാരവും വാങ്ങി കൊടുത്തു.

കല്ലാർ മലയിൽ മരിച്ചുപോയ ആനന്ദന്റെയും, ഇന്ദുലേഖയുടെയും മക്കളാണെന്ന് അവർക്ക് മനസ്സിലായി.

അടുത്ത വീട്ടിൽ താമസിക്കുന്ന മുത്തശ്ശിയുടെ ഭർത്താവ് മരിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞു. രണ്ടുമക്കൾ വിദേശത്താണ്. മുത്തശ്ശി ഒറ്റയ്ക്കാണ് ആ വീട്ടിൽ താമസിക്കുന്നത്.

കുഞ്ഞുങ്ങളെ കണ്ടപ്പോൾ മുത്തശ്ശിക്കു കരുണതോന്നി. ''മക്കളെ, നിങ്ങളിവിടെ നിന്നാൽ ഏതെങ്കിലും കള്ളൻമാർ പിടിച്ചുകൊണ്ടു പോകും. നിങ്ങൾക്ക് എന്റെ വീട്ടിൽ താമസിക്കാം.'' മുത്തശ്ശി കുഞ്ഞുങ്ങൾക്ക് താമസസൗകര്യവും ആഹാരവും എല്ലാ സംരക്ഷണവും കൊടുത്തു.

എല്ലാ ദിവസവും അവിടെ ചായക്കട നടത്തുന്ന കടക്കാരൻ കുഞ്ഞുങ്ങളെ വിളിച്ചു ചായയും പലഹാരവും കൊടുക്കുന്ന പതിവുണ്ട്.

നാലഞ്ചു ദിവസം കഴിഞ്ഞപ്പോൾ മുത്തശ്ശി പറഞ്ഞു. ''ഈ കുഞ്ഞുങ്ങളെ അനാഥാലയത്തിൽ അയയ്ക്കേണ്ട ഏർപ്പാടു ചെയ്യണം. അവർ കുഞ്ഞുങ്ങളെ വളർത്തിക്കൊള്ളും. എന്റെ മക്കൾ വരുന്നത് വരെയല്ലേ എന്നെക്കൊണ്ടു കുഞ്ഞുങ്ങളെ സംരക്ഷിക്കാൻ കഴിയൂ.'' അനാഥമന്ദിരം എന്നു കേട്ടപ്പോൾ രണ്ടാമത്തെ കുട്ടിക്ക് ഭയം തോന്നി. അവിടെ താമസിക്കുന്ന മറ്റുള്ള കുട്ടികൾ അവളെ ഉപദ്രവിക്കുമെന്ന ഭയം മനസ്സിൽ തോന്നി.

പിറ്റേ ദിവസം കുഞ്ഞുങ്ങളില്ലാത്ത ദമ്പതികൾ അതുവഴി വന്നപ്പോൾ ഈ കുഞ്ഞുങ്ങളെ അവർ കണ്ടു. രണ്ടാമത്തെ കുഞ്ഞിനെ കൊണ്ടു പോയി വളർത്തിയാൽ കൊള്ളാമെന്ന് അവർക്കു തോന്നി. മറ്റുള്ളവർ ആരും അറിയാതെ രഹസ്യമായി കുഞ്ഞിനെ വിളിച്ചു. ''ഞങ്ങളുടെ കൂടെ നീ വരികയാണെങ്കിൽ കുഞ്ഞുങ്ങളൊന്നും ഇല്ലാത്ത ഞങ്ങൾ നിന്നെ പൊന്നുപോലെ വളർത്താം.'' അവർ താഴ്ന്ന സ്വരത്തിൽ പതുക്കെ കുട്ടിയോട് പറഞ്ഞു. അത് കേട്ട് രണ്ടാമത്തെ കുട്ടി ആദിത്യ അവരുടെ കൂടെ പോയി. മറ്റുള്ളവർ ആരും അറിഞ്ഞില്ല. വഴിക്ക് വച്ച് കാർ നിർത്തി ബിസ്ക്കറ്റും, മിഠായിയും കുഞ്ഞിനു വാങ്ങിക്കൊടുത്തു വീട്ടിൽ കൊണ്ടുപോയി.

''മോളെ ഇതാണ് നമ്മുടെ വീട്. ഇന്നുമുതൽ നിന്റെ അച്ഛനും അമ്മയും ഞങ്ങളാണ്.'' അച്ഛനെന്നും അമ്മയെന്നും വിളിയ്ക്കാൻ കുട്ടിയെ പഠിപ്പിച്ചു.

ആദിത്യയെ കാണാത്ത ദു:ഖത്തിൽ മറ്റുള്ള രണ്ട് കുട്ടികൾ പൊട്ടിക്കരഞ്ഞു. ''മക്കളെ നിങ്ങൾ കരയല്ലേ. അവൾ എവിടെപോയെങ്കിലും ഉടൻ നമുക്ക് വിളിച്ചുകൊണ്ടു വരാം.'' മുത്തശ്ശി കുട്ടികളെ സമാധാനപ്പെടുത്തി. അന്വേഷിച്ചിട്ടും കാണാത്ത കാരണത്താൽ മുത്തശ്ശിക്കും ദു:ഖമുണ്ടായി.

ഒരാഴ്ച കഴിഞ്ഞ് മുത്തശ്ശി പറഞ്ഞതനുസരിച്ച് പരിസരത്ത് താമസിക്കുന്നവർ അനാഥമന്ദിരത്തിൽ അറിയിച്ചു. അനാഥ മന്ദിരത്തിൽ നിന്നും ബന്ധപ്പെട്ടവർ വന്ന് കുട്ടികളെ കൊണ്ടു പോയി വളർത്തി. സ്കൂളിൽ പഠിപ്പിച്ചു. രണ്ടുപേരും നല്ലവണ്ണം പഠിക്കുന്ന മിടുക്കരായ അനുസരണയുള്ള കുട്ടികൾ. വർഷങ്ങൾ കഴിഞ്ഞു. അവരുടെ മനസ്സിൽ ഒരു ദു:ഖമേയുള്ളൂ. സഹോദരിയായ ആദിത്യ എവിടെയാണെന്ന് അറിയില്ല. അവളെ കാണാൻ കഴിഞ്ഞെങ്കിൽ എന്ന് ആ കുരുന്നു ഹൃദയങ്ങൾ കൊതിച്ചു. സഹോദരങ്ങൾ ദു:ഖത്തോടെ പരസ്പരം പറഞ്ഞു. കണ്ണുനീർ ഒഴുക്കി വർഷങ്ങൾ കടന്നുപോയി.

ഒരു ദിവസം ആദിത്യ ഉറക്കം വരാതെ മുറിയ്ക്കകത്ത് കിടന്ന് തേങ്ങിക്കരയുന്ന ശബ്ദം കേട്ട് രക്ഷകർത്താക്കൾ ആദിത്യയുടെ അടുത്തെത്തി. ''എന്തിനാണ് മോളെ കരയുന്നത്''? അവൾ നെടുവീർപ്പിട്ടു. അലറിയ സ്വരത്തിൽ പറഞ്ഞു. ''രക്ഷിക്കാൻ ആരുമില്ലാതെ വീട്ടിൽ നിന്നും ഇറങ്ങിയ ഞങ്ങൾ മൂന്നുപേർ. എന്റെ കൊച്ചനുജനെയും ചേച്ചിയെയും ഉപേക്ഷിച്ചിട്ടാണ് ഞാൻ നിങ്ങളുടെ കൂടെ വന്നത്. അവർ എവിടെയാണെന്ന് അറിയില്ല. അവരെ എനിക്കു കണ്ടുപിടിയ്ക്കണം. ഞാൻ ഇവിടെ നിന്ന് പോകുകയാണ്.'' അവൾ കരഞ്ഞു. കണ്ണുനീർ ഒഴുക്കി. ''എന്റെ മോളെ കരയാതെ കിടന്ന് ഉറങ്ങുക. ഞങ്ങൾ പോയി നാളെത്തന്നെ അന്വേഷിച്ചു കണ്ടുപിടിയ്ക്കാനുള്ള ഏർപ്പാടുണ്ടാക്കാം. നീ സമാധാനമായിരിക്കുക.'' അവളില്ലെങ്കിൽ തങ്ങൾ എന്തിനുവേണ്ടിയാണ് ജീവിയ്ക്കുന്നതെന്നും അവൾ മാത്രമല്ലെ നമുക്ക് ആശ്രയത്തിനുള്ളൂ എന്നും അവർക്കു തോന്നി. പിറ്റേദിവസം ആദിത്യയുടെ രക്ഷകർത്താക്കൾ രണ്ടുപേരും കൂടി കുട്ടിയെ കണ്ടുമുട്ടിയ സ്ഥലത്തു പോയി തട്ടുകട നടത്തുന്ന കടക്കാരനെ കണ്ടു ചായ വാങ്ങി കുടിച്ചതിനുശേഷം കുട്ടികളെക്കുറിച്ചു ചോദിച്ചു. ''വർഷങ്ങൾക്കു മുമ്പ് മൂന്നു അനാഥകുഞ്ഞുങ്ങൾ ഇവിടെയുണ്ടായിരുന്നു. അവരെക്കുറിച്ച് എന്തെങ്കിലും അറിവ് ഉണ്ടോ നിങ്ങൾക്ക്''?

''രണ്ടാമത്തെ കുട്ടിയെ ഇവിടെ വച്ച് തന്നെ കാണാനില്ല. ആ കുട്ടിയെക്കുറിച്ച് എനിക്കറിയില്ല. അടുത്ത വീട്ടിലെ മുത്തശ്ശി മറ്റു രണ്ടു കുട്ടികളെയും ഏഴു ദിവസം സംരക്ഷിച്ചു. അതിനുശേഷം അനാഥാലയത്തിൽ അറിയിച്ചു. അവരുടെ കാറിൽ കയറ്റിക്കൊണ്ടു പോയി. ഇപ്പോൾ അവരെക്കുറിച്ച്

ഒരു അറിവും ഇല്ല.'' രക്ഷകർത്താക്കൾക്ക് സമാധാനമായി. അവർ അനാഥമന്ദിരത്തിൽ പോയി. കുട്ടികളുടെ പേരും, കണ്ടുപിടിച്ച സ്ഥലത്തിന്റെ പേരും വർഷവും പറഞ്ഞു കൊടുത്തു.

''കുട്ടികളെ കാണാനാണു ഞങ്ങൾ വന്നത്.''

''നിങ്ങളുടെ കുഞ്ഞുങ്ങളാണോ?'' അനാഥ മന്ദിരത്തിലെ സൂപ്രണ്ട് ചോദിച്ചു. ''എന്തു കൊണ്ടാണ് കുട്ടികളെ കാണണമെന്ന് പറയുന്നത്''?

''കുഞ്ഞുങ്ങളില്ലാത്ത ഞങ്ങൾ ആരും അറിയാതെ രണ്ടാമത്തെ കുഞ്ഞിനെ കൊണ്ടുപോയി വളർത്തുകയാണ്. മറ്റ് രണ്ട് സഹോദരങ്ങളെക്കുറിച്ചുള്ള വിവരമറിയാതെ അവൾ സങ്കടപ്പെടുകയാണ്. അവളുടെ ദു:ഖം ഞങ്ങൾക്ക് സഹിക്കാൻ കഴിയുന്നില്ല. മറ്റ് കുട്ടികളെ അവർക്ക് കാണിച്ചു കൊടുക്കാനാണ് ഞങ്ങൾ വന്ന് അന്വേഷിച്ചത്.''

''രണ്ടുകുട്ടികളെ ഉപേക്ഷിച്ചിട്ട് ഒരു കുഞ്ഞിനെ രഹസ്യമായി കൊണ്ടുപോകാൻ നിങ്ങൾക്കെങ്ങനെ മനസുണ്ടായി? മറ്റുകുട്ടികളെ വിവരം എന്തുകൊണ്ടാണ് അറിയിക്കാത്തത്''? സൂപ്രണ്ട് ദേഷ്യത്തിൽ ചോദിച്ചു. അവർ ഭയന്നു. ''ഈ വിവരം ഞങ്ങൾക്കറിഞ്ഞുകൂടായിരുന്നു.'' താഴ്ന്ന സ്വരത്തിൽ അയാൾ പറഞ്ഞു. ''നിങ്ങൾ വളർത്തുന്ന കുട്ടിയുടെ പേരെന്താണ്?''

''ആദിത്യ''

''അവൾ ഏതു ക്ലാസ് വരെ പഠിച്ചു.''

''പ്ലസ് ടു വരെ. ഇപ്പോൾ വീട്ടിലുണ്ട്. വസ്തുക്കളെല്ലാം ഞങ്ങളുടെ കാലശേഷം അവളുടെ പേരിലെഴുതി വച്ചിട്ടുണ്ട്. വിവാഹത്തിനുശേഷം ഞങ്ങളുടെ വീട്ടിൽ താമസിച്ച് ഞങ്ങളെക്കൂടി സംരക്ഷിക്കണമെന്ന വിശ്വാസത്തിലാണ് സ്വന്തം മകളെ പോലെ വളർത്തുന്നത്. കുഞ്ഞുങ്ങളെ ഞങ്ങൾക്ക് കാണിച്ചുതരുമോ?''

''ഇന്ന് സ്കൂൾ അവധിയായതിനാൽ കുട്ടികൾ ഇപ്പോൾ ഇവിടെയുണ്ട്.'' ആര്യയെയും ആരോമലിനെയും വിളിച്ച് കൊണ്ട് വരാൻ ഏർപ്പാടു ചെയ്തു. അവർ അവിടെ എത്തി. ''നിങ്ങളുടെ കാണാതെ പോയ ആദിത്യയുടെ രക്ഷകർത്താക്കളാണിത്. അവരുടെ വീട്ടിലാണ് ആദിത്യ വളരുന്നത്.'' കേട്ടപ്പോൾ കുട്ടികൾക്ക് അതിയായ സന്തോഷമായി. ''ഞങ്ങളുടെ പ്രിയ സഹോദരിയെ ഇവിടെ കൊണ്ട് വന്ന് കാണിച്ചുതരുമോ?'' ആർത്തിയോടെ കുട്ടികൾ ചോദിച്ചു.

''നിങ്ങളെ കാണാത്തതിൽ വളരെ നിരാശയിൽ കഴിയുകയാണവൾ- നാളെ രാവിലെ അവളെ ഇവിടെ കൊണ്ടുവരും.'' ആനന്ദപരിതരായി രക്ഷകർത്താക്കൾ വീട്ടിലേക്ക് മടങ്ങി.

''മോളെ, നിന്റെ സഹോദരങ്ങളെ ഞങ്ങൾ കണ്ടു.''

''അവർ എവിടെയാണച്ഛാ താമസിക്കുന്നത്.''

''അനാഥാലയത്തിൽ. നിന്റെ ചേച്ചി ആര്യ എം.എസ്.സി.ക്ക് പഠിക്കുകയാണ്. ആരോമൽ എം.ബി.ബി.എസ്.നും പഠിക്കുന്നു.''

''എന്റെ തമ്പി ഡോക്ടർ ആകാൻ പഠിക്കുകയാണോ അച്ഛാ?'' ഉള്ളു നിറഞ്ഞ സന്തോഷത്തിൽ ആദിത്യയുടെ കണ്ണുകൾ തിളങ്ങി. ഒരായിരം കണ്ണുനീർ പുഷ്പങ്ങൾ ചൊരിഞ്ഞു. ''അനാഥാലയത്തിലുണ്ടെന്ന് എങ്ങനെയാണച്ഛാ നിങ്ങളറിഞ്ഞത്?'' അവൾ ആശ്ചര്യത്തോടെ ചോദിച്ചു.

''നിങ്ങളെ മൂന്ന് പേരെയും കണ്ട സ്ഥലത്തുപോയി ചായക്കടക്കാരനോട് ചോദിച്ചു. രണ്ടു കുട്ടികളെ അനാഥലയത്തിൽ കൊണ്ടുപോയെന്ന് അറിഞ്ഞു. ഞങ്ങൾ അവിടെപോയി സൂപ്രണ്ടിനെ കണ്ടു വിവരം പറഞ്ഞു. കുഞ്ഞുങ്ങളെ വിളിച്ചു കൊണ്ടുവന്നു. ഞങ്ങൾ രണ്ടുപേരെയും കണ്ടു. നിന്നെ കാണാൻ അനാഥാലയത്തിന്റെ നടയിൽ നാളെ രാവിലെ അവർ കാത്തുനിൽക്കും. നാളെ രാവിലെ നമുക്ക് മൂന്ന് പേർക്കും പോകാം.''

ഉള്ളുനിറഞ്ഞ ആഹ്ലാദത്തോടെ ''ശരിയച്ഛാ.''എന്നവൾ പറഞ്ഞു. രാവിലെ ഉറക്കം എണീയ്ക്കാൻ ഫോണിൽ അലാറം വച്ചു. ആദിത്യ കിടന്നു. സഹോദരങ്ങളെ കാണേണ്ട ആർത്തിയിൽ ആദിത്യ അന്നു രാത്രി ഉറക്കം വരാതെ സമയം കഴിച്ചുകൂട്ടി. രാവിലെ എണീറ്റ് രക്ഷകർത്താക്കളെ വിളിച്ചുണർത്തി കുറെ സമയം കഴിഞ്ഞ് കാറിൽ കയറി യാത്രയായി. കാണാതെ പോയ സഹോദരിതങ്ങളെ കാണാൻ രാവിലെ ഇവിടെ വരുമെന്ന് ടീച്ചർമാരോട് പറഞ്ഞു. കുട്ടികൾ അനാഥാലയത്തിന്റെ നടയിൽ നോക്കി നിന്നു. അവളെ കാണാമെന്നു കരുതി എല്ലാ ടീച്ചർമാരും അവിടെയെത്തി.

അതിവേഗത്തിൽ വന്ന കാർ അനാഥാലയത്തിന്റെ നടയിൽ നിർത്തി ആദിത്യയും അവളുടെ രക്ഷകർത്താക്കളും കാറിൽ നിന്നുമിറങ്ങി. സഹോദരങ്ങൾ മൂന്നു പേരും പരസ്പരം കണ്ടു. കെട്ടിപിടിച്ചു കരഞ്ഞു. കഴിഞ്ഞ കാര്യങ്ങളെക്കുറിച്ചു ഓർമിച്ചു. അവരുടെ മനസ്സിൽ ദു:ഖം ഉണ്ടായി. മാതാപിതാക്കളില്ലാത്ത നമ്മളെല്ലാവരും പഠിച്ചു വളർന്ന് ഈ നിലയിൽ എത്തി എന്ന സന്തോഷം പങ്കിട്ടു. എല്ലാവരും കാപ്പി കുടിച്ചതിനു ശേഷം കുറെ സമയം പരസ്പരം കാര്യങ്ങൾ സംസാരിച്ചുകൊണ്ടിരുന്നു. അതിനുശേഷം സന്തോഷത്തോടെ മടങ്ങി പോയി.

ആദിത്യ കൂടെ കൂടെ അനാഥമന്ദിരത്തിൽ പോയി സഹോദരങ്ങളെ കാണുന്ന പതിവുണ്ട്. ആര്യ സർക്കാർ ജോലിയിൽ പ്രവേശിച്ചു. ആരോമൽ എം.ബി.ബി.എസ്. പാസ്സായി. ഒരു സർക്കാർ ആശുപത്രിയിൽ ഡോക്ടറായി ജോലി കിട്ടി. ആര്യയും ആരോമലും ജോലി കഴിഞ്ഞു അനാഥാലയത്തിൽ വന്ന് താമസിക്കുന്നതാണ് പതിവ്.

തന്നെപ്പോലെ ആരും ഇല്ലാതെ അനാഥാലയത്തിൽ വളർന്ന സൽസ്വഭാവിയായ ഒരു ചെറുപ്പക്കാരനെ വിവാഹം കഴിയ്ക്കാൻ ആര്യ തീരുമാനിച്ചു. അനാഥാലയത്തിൽ വളർന്ന് എം.ബി.ബി.എസ്.ന് കൂടെ പഠിച്ച ഒരു യുവതിയെ വിവാഹം കഴിയ്ക്കാൻ ആരോമലും നിശ്ചയിച്ചു. രണ്ടുപേരുടെയും വിവാഹം സമൂഹവിവാഹമായി ഒരു സ്ഥലത്തുവച്ചു ഒരേ സമയത്ത് അനാഥാലയത്തിലെ സൂപ്രണ്ടും മറ്റു പ്രമുഖ വ്യക്തികളും ഇടപെട്ടു

നടത്തി. ആദിത്യ താമസിക്കുന്ന വീട്ടിനടുത്ത് രണ്ടു കെട്ടിടം വയ്ക്കാൻ സ്ഥലം വാങ്ങി. രണ്ടു കെട്ടിടം വച്ചു. ആ കെട്ടിടത്തിൽ വിവാഹത്തിനുശേഷം, ആര്യയും അരോമലും താമസമായി.

ആദിത്യയുടെ വിവാഹം അതി ഗംഭീരമായി അവളുടെ രക്ഷകർത്താക്കൾ നടത്തി. വിവാഹത്തിനുശേഷവും അവളുടെ വീട്ടിൽ തന്നെ അവർ താമസിച്ചു. മൂന്നു സഹോദരങ്ങളുടെയും വിവാഹത്തിൽ പരസ്പരം പങ്കെടുക്കാൻ അവർക്കു കഴിഞ്ഞു. അടുത്തടുത്ത വീടുകളിലായി പരസ്പരം സ്നേഹത്തോടെ ജീവിച്ചു.

ആശുപത്രിയിൽ ഡോക്ടറെ കാണാനായി വരിവരിയായി രോഗികൾ നിൽക്കുന്നു. അന്ന് ആരോമൽ ഡോക്ടർ മാത്രമെ ഉണ്ടായിരുന്നുള്ളൂ. സുഖമില്ലാതെ വയസ്സായ ഒരു സ്ത്രീ അവിടെ വന്നു. തങ്ങളെ വീട്ടിൽ നിന്നു പുറത്താക്കിയ ആന്റിയാണെന്ന് കണ്ടയുടൻ ഡോക്ടർക്ക് മനസ്സിലായി. പഴയ ചരിത്രം ഒരു നിമിഷം ചിന്തിച്ചു. ഡോക്ടർ അവരെ വിളിച്ചു വളരെ സ്നേഹത്തോടെ ചോദിച്ചു ''അമ്മയ്ക്കെന്താ അസുഖം?''

''പനിയും, ചുമയും ശരീരവേദനയും.'' ഡോക്ടർ അമ്മയെ പരിശോധിച്ചു. ''സാരമില്ല. ഈ മരുന്ന് രണ്ട് ദിവസം കഴിച്ചതിനു ശേഷം വരണം.'' ഡോക്ടർ ആരാണെന്ന് അമ്മയ്ക്ക് മനസ്സിലായില്ല. മരുന്ന് വാങ്ങിയശേഷം അവർ പോയി.'' 'എന്തു സ്നേഹമുള്ള ഡോക്ടർ' അവർ വിചാരിച്ചു.

അച്ഛനും അമ്മയും ഉണ്ടായിരുന്നപ്പോൾ തങ്ങൾ താമസിച്ച, ആ ഇടിഞ്ഞുപൊളിഞ്ഞുപോയ വീടും മൂന്നുസെന്റ് സ്ഥലവും അവർ അന്ത്യവിശ്രമം കൊള്ളുന്ന ശവകുടീരവും അവിടെയുണ്ട്. അവിടെ അവരുടെ ഓർമ്മ നിലനിർത്താൻ വേണ്ടി ഒരു മണ്ഡപം കെട്ടാൻ മൂന്നുപേരും കൂടി തീരുമാനിച്ചു. ഒരാളെ വിളിച്ചു പണിചെയ്യാനുള്ള ഏർപ്പാടു ചെയ്തു. ഒരു മാസം കഴിഞ്ഞപ്പോൾ അച്ഛനും അമ്മയും അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലത്ത് കല്ലറ കെട്ടി. ഒരാഴ്ച കഴിഞ്ഞ് മരണപ്പെട്ട ആനന്ദിന്റെയും, ഇന്ദുലേഖയുടെയും ഇടിഞ്ഞുപൊളിഞ്ഞ വീടിനടുത്ത് മൂന്നു കാറിലായി കുറെ ആളുകൾ വന്നിറങ്ങി കല്ലറയിൽ പൂമാലയിട്ടു തിരികൊളുത്തി. നിറഞ്ഞകണ്ണുകളോടെ മൂന്നുമക്കളും തലകുനിച്ചുനിന്നു മനസ്സിൽ കരഞ്ഞു. അടുത്തുള്ള അയൽക്കാർ അവിടെ വന്ന് ആരാണെന്ന് അന്വേഷിച്ചു കൂടെയുണ്ടായിരുന്ന ആദിത്യയുടെ രക്ഷകർത്താവ് പറഞ്ഞു. ''മരിച്ചുപോയ ആനന്ദിന്റെയും ഇന്ദുലേഖയുടെയും മക്കളാണ് ഈ നിൽക്കുന്ന മൂന്നു പേർ.'' അവർ വളർന്ന എല്ലാ കാര്യങ്ങളും അയാൾ പറഞ്ഞു കേൾപ്പിച്ചു. ''ഒരാൾ ഗവൺമെന്റ് ഹോസ്പിറ്റലിലെ ഡോക്ടർ, ഒരാൾ സർക്കാർ ഉദ്യോഗസ്ഥ, ഒരാൾക്ക് നല്ല വിദ്യാഭ്യാസം ഉണ്ട്. ജോലികിട്ടാൻ സാദ്ധ്യതയുണ്ട്. കുറെ വസ്തുക്കളുടെ ഉടമയാണ് അവൾ.''

''സുഖമില്ലാതെ ആശുപത്രിയിൽ പോയപ്പോൾ എന്നെ ചികിത്സിച്ച ഡോക്ടർ ആണ് ഈ നിൽക്കുന്നത്. ആരാണെന്ന് എനിക്ക് അറിയില്ലായിരുന്നു. എന്റെ മക്കളെ നല്ല രീതിയിൽ വളർത്തി പഠിപ്പിച്ചു വലിയ നിലയിലെത്തിയ്ക്കാൻ വേണ്ടി മാതാപിതാക്കളില്ലാത്ത ചെറിയ കുഞ്ഞുങ്ങളെ ആട്ടിയിറക്കിയതിന്റെ ശാപമായിരിക്കും എനിക്കു കിട്ടിയ അനുഭവം. എന്റെ കുട്ടികൾക്ക് പഠിയ്ക്കാൻ ബുദ്ധികിട്ടാത്തത്. ഒരു സർക്കാർ ജോലിയിൽ പ്രവേശിയ്ക്കാൻ കഴിയാതെ പോയത്.'' അവർ പശ്ചാത്തപിച്ചു. അവിടെ ഉണ്ടായിരുന്ന ആൾക്കാർ ആശ്ചര്യപ്പെട്ടു പറഞ്ഞു. ബന്ധുക്കളാരും തിരിഞ്ഞുനോക്കാതെ നാടുവിട്ടുപോയ കുട്ടികളുടെ അവസ്ഥയാണിത്. അവിടെ വന്നവർക്കു കൊടുക്കാൻ കുറെ പലഹാരപ്പൊതി കൊണ്ടുവന്നു. അത് എല്ലാവർക്കും കൊടുത്തു. വീട്ടിലേയ്ക്ക് പോയവഴിക്ക് അവർ പറഞ്ഞു. ചെറുപ്പത്തിൽ എവിടേയ്ക്ക് പോകണമെന്ന് അറിയാതെ വലഞ്ഞപ്പോൾ ആഹാരം തന്ന, താമസിക്കാൻ അഭയം തന്ന മുത്തശ്ശിയെ കാണണം അവിടെയെത്തിയപ്പോൾ ആദ്യം കണ്ടത് ചായക്കട നടത്തിക്കൊണ്ടിരുന്ന കടക്കാരനെ. തങ്ങൾക്ക് എന്നും സ്നേഹത്തോടെ ചായയും പലഹാരവും തന്ന ആ നല്ല മനുഷ്യൻ ഇപ്പോൾ വയസ്സായി. സുഖമില്ലാതെ എല്ലാ ദിവസവും കടതുറക്കാൻ കഴിയാതെയിരിക്കുന്ന അവസ്ഥ അവർ കണ്ടു. കുഞ്ഞുങ്ങൾ വളർന്നപ്പോൾ അവർ ആരാണെന്ന് അയാൾക്ക് മനസ്സിലായില്ല. കുട്ടികളുടെ മുഖത്ത് വീക്ഷിച്ചു. അവർ പഴയ കാര്യങ്ങൾ പറഞ്ഞു. കേട്ടപ്പോൾ അയാൾക്ക് സന്തോഷമായി. മൂന്നുപേരും കൂടി കുറെ രൂപ പാരിതോഷികമായി കടക്കാരന് കൊടുത്ത് നന്ദി പറഞ്ഞു. ഇന്നത്തെ അവസ്ഥയെക്കുറിച്ച് അയാളോടു പറഞ്ഞു. ഇതുകേട്ടപ്പോൾ കടക്കാരന് സന്തോഷമായി. തങ്ങളെ സഹായിച്ച കടക്കാരനോട് അവർ പറഞ്ഞു 'ഞങ്ങളുടെ വീട്ടിൽ ഒരു ദിവസം നിങ്ങൾ വരണം.'' അയാൾ സമ്മതിച്ചു. വീട്ടിൽ വരേണ്ട വഴി പറഞ്ഞുകൊടുത്തു.

ഞങ്ങൾക്ക് കിടക്കാൻ അഭയം തന്ന ആഹാരവും തന്ന മുകളിൽ താമസിക്കുന്ന സ്നേഹമുള്ള മുത്തശ്ശിയെക്കുറിച്ചവർ ചോദിച്ചു. മുത്തശ്ശി മരിച്ചിട്ട് എട്ടുവർഷം കഴിഞ്ഞു എന്ന വിവരം അവർക്കു ലഭിച്ചു. കരുണയുള്ള മുത്തശ്ശിയെക്കുറിച്ചവർ ഓർത്തു ദു:ഖിച്ചു. എല്ലാവരും അയാളോട് യാത്ര പറഞ്ഞു മടങ്ങിപോയി.

രണ്ടു നീലമത്സ്യങ്ങൾ

ഓമനശീലൻ ജി.
(ലൈബ്രേറിയൻ)

മലയാളത്തിൽ എഴുതപ്പെട്ട ഏറ്റവും ശ്രദ്ധേയമായ ഒരു പുതു നോവലാണ് ഷാബു കിളിത്തട്ടിലിന്റെ 'രണ്ടു നീലമത്സ്യങ്ങൾ'. ഈ വർഷം മാതൃഭൂമി ബുക്ക്സാണ് ഇത് പ്രസിദ്ധീകരിച്ചത്. ആകെ 200 പേജുകൾ. മനുഷ്യർ തമ്മിലുള്ള വെറിയും ദുർബലവിഭാഗങ്ങളോടുള്ള അവഗണനയും ജീവിതത്തിൽ കാലുഷ്യം നിറയുമ്പോൾ പുതിയ കാലത്തിന്റെ അൻപ്, അലിവ് എന്നീ മാനവ മൂല്യങ്ങൾ കോർത്തിണക്കിയതും ബഹുസ്വരതയും സർവ്വാശ്ലേഷിയുമായ പ്രമേയത്താൽ മൂല്യവത്തായ കഥാസാരം ഉൾക്കൊള്ളുന്നതുമായ ഒരു നോവലാണിത്.

അനാഥരായിപ്പോകുന്ന രണ്ടു സ്ത്രീകൾ, രണ്ട് അനാഥ സഹോദരങ്ങൾ, മൃഗീയ വികാരങ്ങളുടെ വിളനിലമായ ഒരു കൂലിവേലക്കാരൻ, യന്ത്ര സമാനരായി പ്രവർത്തിക്കുന്ന രണ്ട് പോലീസ് ഉദ്യോഗസ്ഥർ, ഭിന്നശേഷിക്കാരായ കുട്ടികൾ, മൂല്യബോധത്താൽ ജീവിക്കുന്ന ഒരു ഡോക്ടർ എന്നിവരാണ് ഇതിലെ കഥാപാത്രങ്ങൾ. ഇതിൽ പോലീസ് ഉദ്യോഗസ്ഥരും കുട്ടികളും ഒഴികെ മിക്കതും അതിദാരുണാനുഭവങ്ങളുടെ മൂശകളിൽ നിന്നു വാർന്നു വീഴുന്നവരാണ്.

വിപ്ലവമെന്ന പരിവർത്തനത്തെ അതിന്റെ എല്ലാ അർത്ഥത്തിലും നമുക്ക് വിലയിരുത്താൻ പറ്റുന്ന സന്ദർഭങ്ങൾ ഈ നോവലിൽ നമുക്ക് കാണാം. ഒരു വർഗ്ഗം മറ്റൊരു വർഗത്തെ കുടഞ്ഞെറിയുന്നതാണ് വിപ്ലവമെന്നും, അത് മര്യാദയോ, ഭയമോ പ്രതീക്ഷിക്കാവുന്ന ഒന്നല്ലെന്നും, മഹാമനസ്കത അതിനു പാടില്ലെന്നും ഇതിൽ പ്രതിപാദിക്കുന്നു. തൊഴിലാളി വർഗ രാഷ്ട്രീയത്തെ സിരകളിലേറ്റു വാങ്ങിയ മുനിയമ്മ (മുനീസ) വീടകത്തിലെ പുരുഷ

മേൽക്കോയ്മക്കെതിരെ വർഗ രാഷ്ട്രീയത്തിന്റെ നിലപാടു തറയിൽ നിന്നുകൊണ്ട് പ്രതികരിക്കുന്നു.

ഭീകരവാദത്തിന് നാന്ദിയായി ഭവിക്കുന്ന മതവും, ജാതിയും, പേരും, പലരും ഉപയോഗിക്കുന്നത് അവരവരുടെ ലക്ഷ്യങ്ങൾക്കു വേണ്ടിയാണ്. ഭീകരവാദികൾ മതത്തെ ശരിയായ നിലയിൽ പഠിച്ചവരല്ലെന്നും പ്രാഥമിക വിദ്യാഭ്യാസത്തിനപ്പുറം മറ്റൊരറിവും അവർക്കില്ലെന്നും കഥാകൃത്ത് പറയുന്നു.

മനുഷ്യജീവിതത്തിന്റെ വിവിധ സമസ്യകളേയും ഈ നോവലിൽ സന്നിവേശിപ്പിച്ചിരിക്കുന്നു. കുഴഞ്ഞുമറിഞ്ഞ് പരസ്പരം ബന്ധമില്ലാതെ നീങ്ങുന്ന ഒന്നിനെയാണ് മനുഷ്യ ജീവിതം എന്നു പറയുന്നത്. സമഗ്ര വികാരങ്ങളും അതിൽ അന്തർഭവിച്ചിരിക്കുന്നു. സന്തുഷ്ടമായ ജീവിതത്തിന് ചേർക്കാൻ കഴിയുന്ന സ്വത്വത്തെ വിളക്കിച്ചേർത്തും കുടഞ്ഞെറിയേണ്ടതിനെ കുടഞ്ഞെറിഞ്ഞും മനുഷ്യൻ തന്റെ ശരിയായ ജീവിത പാത തെരഞ്ഞെടുക്കുന്നതിനേയും ഈ കഥയിൽ വായിക്കാം. മരിക്കും വരെ മനുഷ്യനായി ജീവിക്കണമെന്നും ജീവിച്ചുകൊണ്ട് വേല ചെയ്യണമെന്നും അല്ലെങ്കിൽ പൊരുതി മരിക്കണമെന്നുമുള്ള ഒരമ്മയുടെ കരുണാദ്രമായ വാഞ്ഛ പുതുതലമുറക്കുള്ള ഒരു ജീവിത സന്ദേശം കൂടിയാണ് നൽകുന്നത്.

ജീവിതം സ്വർഗ സമാനമാകണം എന്ന പ്രതിധ്വനി ഈ നോവലിൽ കാണാം. സ്വർഗം നമ്മൾ ജീവിക്കുന്ന ഭൂമി തന്നെയാണെന്നും സുശീലാമ്മയോടും, ഗ്രേസിത്തള്ളയോടും, തെങ്ങുകയറ്റക്കാരൻ കറുപ്പനോടും നിങ്ങൾക്ക് ഒരുപോലെ മമത പുലർത്താൻ കഴിയുന്നുണ്ടെങ്കിൽ അതു തന്നെയാണ് സ്വർഗം എന്നും ഇത് വിളംബരം ചെയ്യുന്നു. നിറമോ, ജാതിയോ, തൊഴിലോ, നോക്കി ആളുകളെ തരം തിരിക്കാതെയും മാറ്റിനിർത്താതെയും ഇരുന്നാൽ തന്നെ നിങ്ങളൊരു നല്ല മനുഷ്യനായി, നല്ല കമ്മ്യൂണിസ്റ്റായി തീരും എന്ന തിരിച്ചറിവും ഈ നോവൽ സമ്മാനിക്കുന്നു.

ഈ നോവലിന്റെ പൊതുബോധ ഘടനയ്ക്ക് അനുരൂപമായ വിധത്തിൽ ഉപനിഷത്ത് ദർശനങ്ങളും, ബൈബിളും, ഖുറാനും കടന്നുവരുന്നുണ്ട്. കാരണം ഈ ഗ്രന്ഥങ്ങളെല്ലാം മനസ്സിന്റെ ശുദ്ധീകരണമാണല്ലോ ലക്ഷ്യമാക്കുന്നത്. ഇവിടെ മതങ്ങളുടെ മാനവിക മൂല്യങ്ങൾ പരാമർശിക്കുന്നതിനോടൊപ്പം ശക്തമായ മത വിമർശനവും ഗ്രന്ഥകർത്താവ് നിർവ്വഹിക്കുന്നു. വിശ്വാസത്തെ വിപണി വൽക്കരിക്കുന്നതിനെതിരെയും ഈ നോവൽ മുന്നറിയിപ്പ് നൽകുന്നു.

നമ്മുടെ സാഹിത്യ ചരിത്രത്തെ അടയാളപ്പെടുത്തിയ മാനവിക മൂല്യങ്ങളിലൂന്നിയ പല ഗ്രന്ഥങ്ങളും ഈ നോവലിൽ വിഷയീഭവിക്കുന്നു. ശിവരാമകാരന്തിന്റെ 'മൂകാംബികയുടെ സ്വപ്നങ്ങൾ', പെരുമ്പടവത്തിന്റെ 'ഒരു സങ്കീർത്തനം പോലെ', ഹരീഷിന്റെ 'മീശ', ഒ.വി. വിജയന്റെ 'ഖസാക്കിന്റെ ഇതിഹാസം', ടി പത്മനാഭന്റെ 'പ്രകാശം പരത്തുന്ന പെൺകുട്ടി' എന്നിവയാണിവ. ഇപ്രകാരം കോപിക്കാനും ശപിക്കാനും ബലി നൽകാനുമാണെങ്കിൽ ദൈവമെന്തിനാണ്, ഇനി ദൈവം തന്നെ എന്തിനാണ്?എന്നത് പ്രധാന കഥാപാത്രമായ മുനിയമ്മ ഉദ്ധരിക്കുന്നുണ്ട്. നവോത്ഥാന കേരളം ജാതീയതയിലേക്കും സാമുദായികയിലേക്കും തിരിഞ്ഞു പോരുന്നതിന്റെ നിരവധി ഉദാഹരണങ്ങൾ ഈ നോവലിൽ നമുക്ക് വായിക്കാം.

നോവലിന്റെ സൂക്ഷ്മഘടനയിൽ ഗാന്ധിജിയും മാർക്സും അംബേദ്ക്കറും കടന്നുവരുന്നുണ്ട്. ഗാന്ധിജിയുടെ 'ഗ്രാമസ്വരാജ്' എന്നതിന്റെ പ്രായോഗിക രൂപമാണ് മുനിയമ്മ നേതൃത്വം നൽകുന്ന 'ഭരവസി ചാരിറ്റബിൾ ട്രസ്റ്റ്'. ദളിതന് എവിടെയാണ് മാതൃരാജ്യമെന്ന അംബേദ്ക്കറുടെ കാലാനുവർത്തിയായ ചോദ്യവും നോവലിൽ പരാമർശിച്ചിരിക്കുന്നു.

ലോകത്തിലെ ഏറ്റവും വലിയ ന്യൂനപക്ഷമാണ് ഭിന്നശേഷിക്കാർ, ഭിന്നശേഷി സമൂഹത്തേയും ആർട്ടിഫിഷ്യൽ ഇന്റലിജെൻസിനെയും ഈ നോവൽ അഡ്രസ് ചെയ്യുന്നതിലൂടെ ഇത് ഒരു ഭാവികാല നോവൽ കൂടിയാകുന്നു. ലോകത്തെ ഏറ്റവും വലിയ ന്യൂനപക്ഷമായ ഭിന്നശേഷിക്കാർ അഭിമുഖീകരിക്കുന്ന സമസ്യകളുടെ നിർധാരണമാണ് ഈ നോവലിന്റെ പുതുമ. ഭിന്നശേഷി സമൂഹത്തിന് അനുരൂപമായ ഒരു സർഗ്ഗപ്രപഞ്ചം സൃഷ്ടിച്ചു കൊടുത്താൽ സമൂഹത്തിൽ അത്ഭുതങ്ങൾ സംഭവിക്കുമെന്ന് ഈ നോവൽ വിളംബരം ചെയ്യുന്നു. അതിനു അനുഗുണമായി മജീഷ്യൻ ഗോപിനാഥ് മുതുകാടിന്റെ 'ഡിഫറന്റ് ആർട്ട് സെന്റർ' നടത്തുന്ന ഇടപെടലുകളും കരുതലുകളും ആമുഖത്തിൽ കഥാകൃത്ത് തന്നെ സൂചിപ്പിച്ചിരിക്കുന്നു. ഭിന്നശേഷിക്കാർക്ക് മാനസിക വളർച്ചയില്ല. ശാരീരിക വളർച്ചയാണുള്ളത്. ഭിന്നശേഷിക്കാരുടെ ലൈംഗികാസക്തിയെ ശമനപ്പെടുത്തുന്ന അവരുടെ വികാരങ്ങൾ പങ്കിടുന്ന 'ഭവിശ്വ' എന്ന ഹ്യൂമനോയ്ഡ് റോബോട്ടിനെ ഈ നോവൽ പരിചയപ്പെടുത്തുന്നു.

പ്രധാന കഥാപാത്രങ്ങളായ നീലിമയുടെയും അൻവറിന്റെയും മകനോട് നിന്റെ പേരെന്താണെന്ന് ചോദിക്കുമ്പോൾ മനുഷ്യൻ എന്നാണ് മറുപടി പറയുന്നത്. പിറക്കാനിരിക്കുന്ന നാളെകളിൽ മാനവസംഗീതം ഉയരുന്നത് മനുഷ്യൻ എന്നുപേരുള്ള ഈ മകനിൽ നിന്നുമാണ്. പ്രതിസന്ധിയുടെ ഇരുൾ നിലങ്ങളിൽ പടർന്നു നിൽക്കുന്ന മനുഷ്യരാശിക്ക് വെളിച്ചം പകരുവാനായി പ്രകാശം പരത്തുന്ന കണ്ണുകളുമായി ഈ മകൻ ഉണ്ടാകുമെന്ന ദീർഘദർശനമാണ് ഈ മകന്റെ കണ്ണുകളിൽ നമുക്ക് കാണാനാവുക. 'മനുഷ്യനാം മനുഷ്യത്വം' എന്നാണല്ലോ ആചാര്യമതം.

ഏതു പ്രളയം വന്നാലും മനുഷ്യൻ പകർന്നു നൽകിയ നിർമലമായ നൻമകൾ കാലത്തെ അതിജീവിക്കും എന്നതാണ് ഈ നോവലിന്റെ പ്രധാന സന്ദേശം. വിശുദ്ധത മനുഷ്യന്റെ മനസ്സുകളിലാണ് ആദ്യം ഉണ്ടാവുക. അതിന്റെ പ്രയോഗമാണ് സമൂഹത്തിലെ പരിവർത്തനങ്ങൾ. അവിടെയാണ് 'രണ്ടു നീലമത്സ്യങ്ങൾ' ഒരു വിശുദ്ധ വേദപുസ്തകമാകുന്നതും എന്റെ പ്രിയപുസ്തകമാകുന്നതും.

●●●

ആചാര്യന്മാർ അറിയുന്നില്ല

നീതു എം. എസ്.
(അസിസ്റ്റന്റ്)

2022ലെ ഭരണഭാഷാ സാഹിത്യ പുരസ്കാരം – കവിത – ഒന്നാം സ്ഥാനം

വാനമിരുളുന്നു ഭൂമി കറുക്കുന്നു
ഒരു പെരുമഴതൻ സൂചനയായി-
ടവഴിയിൽ തവള കരയുന്നു
ഭൂമിയോ നിശ്ചലം പാതകൾ ശൂന്യം

അതുവഴിക്കപ്പോഴായെത്തുന്നു രണ്ടുപേർ
അമ്മയും മകളുമാണവരെന്നു നിശ്ചയം
''കാൽകൾ വിറയ്ക്കുന്നു
മുന്നോട്ടു പോകാൻ മനവും ഭയക്കുന്നു.

ഈ മഴ കഴിഞ്ഞിട്ട് തുടരാം യാത്രയമ്മേ''
അവളുടെ കൈവിരൽ നീളുന്നതൊരു
ചെറു ഭവനത്തിനുമ്മറത്തിണ്ണയിലേക്കായ്
മകളുടെ കൈവിരൽ പിന്തുടർന്നെത്തുന്ന കണ്ണുകൾ
ശ്രീ ഗുരുദേവ ചിത്രം കണ്ടു നിർജീവങ്ങളാകുന്നു.

''അറിയൂ മകളേ അതൊരീഴവ ഭവനം
ബ്രാഹ്മണരീ നാം കയറുവതെങ്ങനെയിവിടെ''
തുടരുന്നു യാത്രയാ പാതയിലൂടവർ
ഒരു മഴത്തുള്ളി ഭൂമിയെ ചുംബിച്ചു
നിറയുന്നു കൺകളിൽ കണ്ണുനീരായ് ഭയം

അമ്മതൻ ചേലയിൽ പിടിച്ചു വലിച്ചവൾ വീണ്ടും മൊഴിയുന്നു
''അറിയുന്നില്ലേ പെരുമഴയിനിയും എത്താൻ വൈകുകയില്ല''
അരികത്തു കണ്ടൊരാ വീടിന്റെ
പടിപ്പുര കടന്നവർ ചെല്ലവേ ചുമരിലായ് കാണുന്നു
ശ്രീ വിദ്യാധിരാജന്റെ ചിത്രമൊന്ന്

അവജ്ഞയാൽ ചൊല്ലുന്നു മാതാവവൾ
''അയ്യോ മകളേ നായർ തറവാടാണതു കേൾ
ജാതിയിലുയർന്നവർ ബ്രാഹ്മണർ ഈ നാം കയറുവതെങ്ങനെയിവിടെ''
ആ മഴയിലൂടവർ യാത്ര തുടരുമ്പോൾ
പിറക്കുകയായിരുന്നു ഇവിടെ പുതിയൊരു നിയമം.

കാഴ്ച്ചകൾ

ഒരു ചില്ലുകഷണത്തിന്റെ ഔദാര്യത്തിൽ
എന്നിലേയ്ക്കത്തുന്ന കാഴ്ച്ചകളെ
നിങ്ങളോടെനിയ്ക്ക് പ്രണയമാണ്
ഒരിയ്ക്കലുമൊടുങ്ങാത്ത പ്രണയം.

നിങ്ങളോടെനിയ്ക്ക് ആവേശമാണ്
കടലിന് കരയോടെന്നപോലെ
ഒരിയ്ക്കലും നിലയ്ക്കാത്ത
അനന്തമായ ആവേശം.

ചില്ലുകഷണത്തിന്റെ ഭാരത്തിനൊപ്പം
എന്നിലേയ്ക്കെത്തുന്ന കാഴ്ച്ചകളും വളർന്നു
അതോടൊപ്പം കാഴ്ച്ചകൾക്കായുള്ള
മോഹങ്ങളും വളർന്നു.

പിന്നാമ്പുറത്തെ പാടത്തെ
കതിരുകളും കിളികളും നിറഞ്ഞിരുന്ന
എന്റെ കാഴ്ച്ചകൾ
ഈ ലോകത്തോളം വളർന്നു.

പിന്നെ കണ്ണുകൾകൊണ്ട് ലോകവും
സ്വപ്നം കൊണ്ട് ജീവിതവും
സ്നേഹം കൊണ്ട് ഹൃദയങ്ങളും
കീഴടക്കാനായീ എന്റെ യജ്ഞം.

അതും ആ ചില്ലുകഷണത്തിന്റെ
ഔദാര്യം കൊണ്ട് മാത്രം
കാഴ്ച്ചകളെ നിങ്ങളോടെനിയ്ക്ക്
പ്രണയമാണ് അനന്തമായ പ്രണയം.

ഡോ. മഞ്ജു പി. യു.
(അസിസ്റ്റന്റ് ലൈബ്രേറിയൻ
ഗ്രേഡ് II)

യുഗാന്തരങ്ങളിലൂടെ ഒരു യാത്ര

2022ലെ ഭരണഭാഷാ സാഹിത്യ പുരസ്കാരം – ഉപന്യാസം – രണ്ടാം സ്ഥാനം

പ്രപഞ്ചത്തിലെ സർവ്വ ചരാചരങ്ങൾക്കും ജീവിക്കുവാനുള്ള ആവാസ കേന്ദ്രമാണ്, മാതൃത്വത്തിന്റെ പ്രതീകമായ ഭൂമി. യുഗാന്തരങ്ങളായി ഈ ഭൂമി മാതാവ് നമുക്ക് വേണ്ടി ജീവിക്കുകയാണ്. കാലാന്തര മാറ്റങ്ങളിലൂടെ ഭൂമിയിൽ പലതരത്തിലുള്ള പ്രതിഭാസങ്ങൾ നടന്നിട്ടുള്ളതായി ചരിത്രങ്ങളിലൂടെയും, ശാസ്ത്രങ്ങളിലൂടെയും, അഭിമുഖമായും നാം മനസ്സിലാക്കുന്നു. പ്രാചീന ശിലായുഗത്തിൽ നിന്നും മധ്യശിലായുഗത്തിലേക്കുള്ള ദൂരം താണ്ടി നവീനശിലായുഗത്തിലേക്കും, അവിടെ നിന്ന് ആധുനിക യുഗത്തിലേക്കും നാം എത്തിച്ചേർന്നിരിക്കുന്നു. കാലങ്ങൾക്കനുസൃതമായ പലതരം മാറ്റങ്ങൾക്ക് ഭൂമി മാതാവ് സാക്ഷിയാണ്. കൂടുതൽ പരിണാമങ്ങളും മാതൃത്വത്തിന് താത്കാലിക വേദന നൽകുന്നവയായിരുന്നു. ഒരു കുഞ്ഞ് ഈ ലോകത്തിലേക്ക് പിറന്ന് വീഴുമ്പോഴുണ്ടാകുന്ന അമ്മയുടെ വേദന, കുഞ്ഞിന്റെ മുഖം കാണുമ്പോൾ ആശ്വാസമായിത്തീരുന്നതു പോലെയാണ് ഭൂമിമാതാവ് നാം കൊടുക്കുന്ന വേദനകൾ ഏറ്റുവാങ്ങുന്നത്. എന്നാൽ ആധുനിക ലോകത്തിൽ മാതൃത്വത്തിന് തോരാക്കണ്ണീർ സമ്മാനിക്കുന്ന പലതരം പരിണാമങ്ങളും ഞൊടിയിടയിൽ നടന്നുകൊണ്ടിരിക്കുന്നത് നമ്മുടെ കാലഘട്ടത്തിലാണെന്നത് മാതൃത്വത്തെ യാഥാർത്ഥ്യത്തോടെ സ്നേഹിക്കുന്ന മനുഷ്യന് ആശ്ചര്യത്തോടെ മാത്രമേ ദർശിക്കുവാൻ കഴിയുകയുള്ളൂ.

പ്രാചീന ശിലായുഗത്തിൽ മനുഷ്യൻ മൃഗങ്ങളെ വേട്ടയാടിയിരുന്നത്, അവന്റെ വിശപ്പകറ്റുവാൻ മാത്രമാണ്. ഭക്ഷണത്തിന് വേണ്ടി മാത്രമാണ് മറ്റുള്ള ജീവികളെ ഹിംസിച്ചിരുന്നത്. എന്നാൽ ആധുനിക ലോകത്തിൽ, സ്വജയത്തിന്, സ്ഥാനമാനങ്ങൾക്ക്, സമ്പത്ത് വർദ്ധിപ്പിക്കുന്നതിന്, ആസ്തികൾ സഫലമാക്കുന്നതിന് എന്നീ വികലമായ ആവശ്യങ്ങൾക്ക് വേണ്ടി മനുഷ്യൻ മനുഷ്യനെ കൊലചെയ്യുന്ന കാലത്തേക്ക് നാം ഉയർന്നു കഴിഞ്ഞു. ഭക്ഷണയോഗ്യമായതിനേയും, യോഗ്യമല്ലാത്തതിനേയും ഉന്മൂലനം ചെയ്യുന്ന പ്രവണത മനുഷ്യകുലത്തിന് മാത്രം അവകാശപ്പെട്ടതാണ്. പ്രാചീന മനുഷ്യനിൽ നിന്നും ആധുനിക മനുഷ്യനിലേ

വിക്രമൻ സി.
(ബൈൻഡർ)

യ്ക്കുള്ള ദൂരം വളരെയാണ്. വികലമായ മനസ്സിന്റെ ഉടമയിൽ നിന്നും വിശാലമായ മനസ്സിന്റെ ഉടമസ്ഥതയിലേയ്ക്ക് നാം വളർന്നു എന്ന് അഭിമാനിക്കുമ്പോഴും ആധുനിക യുഗത്തിൽ തിന്മയുടെ പ്രവൃത്തികൾ വളരെ കൂടുതലാണ്. നിർമ്മലമായ ഹൃദയങ്ങൾക്ക് അവകാശികളായി ഈ ലോകത്തിലേയ്ക്ക് കടന്നുവരുന്ന മനുഷ്യൻ തന്റെ തെറ്റായ ചിന്താധാരയിലൂടെ കഠിനഹൃദയത്തിന് ഉടമകളായി മാറിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് നമുക്ക് കാണുവാൻ കഴിയുന്നത്. പ്രകൃതിയിലെ മനുഷ്യന്റെ ചൂഷണം മൂലം അനേകം ജീവികളുടെ ആവാസ വ്യവസ്ഥ നഷ്ടമാകുകയും, കാലയവനികയ്ക്കുള്ളിലേക്ക് മാറ്റപ്പെടുകയും ചെയ്തിരിക്കുന്നു. എല്ലാം നന്മയ്ക്കുവേണ്ടി ഒരുക്കപ്പെട്ട പ്രപഞ്ച സൃഷ്ടികളെ മനുഷ്യന്റെ ദുഷ്ടത നിമിത്തം നാശോന്മുഖമാകുന്ന നേർക്കാഴ്ചയാണ് ആധുനിക ലോകത്ത് നാം കാണുന്നത്.

ആദിമമനുഷ്യൻ തന്റെ ജീവനോപാധിയ്ക്കുവേണ്ടി പലതരത്തിലുള്ള ആയുധങ്ങളും, ഉപകരണങ്ങളും നിർമ്മിച്ചിരുന്നതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. ആധുനിക ലോകത്തിൽ നിർമ്മിക്കപ്പെടുന്ന ആയുധങ്ങൾ പ്രപഞ്ചത്തെയും ജീവജാലങ്ങളെയും ഉന്മൂലനം ചെയ്യുവാൻ കഴിയുന്ന സംഹാരശേഷിയുള്ളവയാണ്. സ്വാർത്ഥതയിലധിഷ്ഠിതമായ ജീവിത ശൈലി നമ്മുടെ സമൂഹത്തെ മുഴുവൻ കാർന്നുതിന്നുകയാണ്. നിസ്വാർത്ഥമായ സ്നേഹം, സഹതാപം, താഴ്മ, പരോപകാരം എന്നീ സദ്ഗുണങ്ങൾ വ്യക്തി ജീവിതങ്ങളിൽ അന്യംനിന്ന് പോയിരിക്കുന്നു. നമ്മുടെ മനസ്സുകൾ ഉറവകൾ ഇല്ലാത്ത മരുഭൂമികളായി മാറ്റപ്പെട്ടിരിക്കുന്നു. വ്യക്തികളുടെയും കുടുംബങ്ങളുടെയും സമൂഹത്തിന്റെയും രാഷ്ട്രങ്ങളുടേയും മേൽ ആധിപത്യം ഉറപ്പാക്കുന്നതിന് വേണ്ടി, പ്രകൃതി പോലും തലകുനിച്ച് നിൽക്കുന്ന പല പ്രവൃത്തികളും മനുഷ്യമനസ്സിൽ നിന്ന് ഉത്ഭവിക്കുന്നതാണ്. സാമൂഹ്യജീവിയുടെ വേഷം ധരിച്ച് അസമത്വത്തിന്റെയും, അച്ചടക്കരാഹിത്യത്തിന്റെയും ജീവിതരീതി അവലംബിക്കുന്നു. ഇത്തരം പ്രവൃത്തികളിലൂടെ അപരിഷ്കൃത സമൂഹമായി നാം മാറ്റപ്പെടുന്നു. ആധുനിക ലോകത്തിൽ ന്യൂന പക്ഷമൊഴികെ ഭൂരിഭാഗവും സ്വയത്തിൽ ആശ്രയിക്കുന്നവരാണെന്ന് നേർകാഴ്ചകളായി നമുക്ക് കാണുവാൻ കഴിയും. ആദിമ മനുഷ്യർ അപരിഷ്കൃതരായിരുന്നെങ്കിലും പ്രകൃതി വിരുദ്ധത പ്രകടിപ്പിച്ചിരുന്നില്ല എന്നത് ചരിത്രത്തിലൂടെ നമുക്ക് മനസ്സിലാക്കുവാൻ കഴിയും. കാലങ്ങൾക്കനുസൃതമായ മാറ്റങ്ങൾ അനിവാര്യതയാണ്. എന്നാൽ സാമൂഹിക നന്മയ്ക്ക് ഗുണകരമല്ലാത്ത മാറ്റങ്ങൾ കൊണ്ട് എന്തെങ്കിലും പ്രയോജനം മനുഷ്യസമൂഹത്തിന്/പ്രപഞ്ചത്തിന് ലഭിക്കുന്നുണ്ടോ എന്നത് ചിന്താവിഷയമാക്കേണ്ട കാര്യമാണ്. പ്രകൃതിയിൽ നിന്ന് നമുക്ക് ലഭ്യമാകുന്ന 'ഉപ്പ്' നല്ലതുതന്നെ. അതിന്റെ ക്ഷാരഗുണം നഷ്ടപ്പെട്ടുപോയാൽ അതുകൊണ്ട് എന്ത് പ്രയോജനം? ഉപയോഗശൂന്യമായ ഒരു വസ്തുവായി പുറത്ത് കളയുവാൻ നാം നിർബന്ധിതരാകുന്നു. മനുഷ്യഗുണമില്ലാത്ത മനുഷ്യന്റെ അവസ്ഥയ്ക്കും ഇതുതന്നെ എന്ന് നാം ഓർക്കണം. ഉപ്പിന്റെ ഗുണങ്ങളായ വെണ്മ, രുചി, അലിഞ്ഞുചേരൽ എന്നീ മൂന്ന് ഗുണങ്ങൾ മനുഷ്യജീവിതത്തിലും പ്രാവർത്തികമാകണം. ഉപ്പ് വെണ്മയുടെ പ്രതീകമാണ്. പ്രകൃതി നൽകുന്ന ഉപ്പിനെ വേർതിരിച്ച് വ്യാവസായികഅടിസ്ഥാനത്തിൽ ഉത്പന്നം നിർമ്മിക്കുമ്പോഴും അതിന്റെ അടിസ്ഥാനഗുണങ്ങളിൽ മാറ്റം വരുന്നില്ല. ഉപ്പിന്റെ നിറം എപ്പോഴും വെണ്മതന്നെയാണ്. രുചിയുടെ

കാര്യത്തിലും യുഗാന്തരങ്ങളായി ഒരുമാറ്റവും സംഭവിക്കുന്നില്ല. മറ്റ് വസ്തുക്കളുമായി അലിഞ്ഞ് ചേരുവാനുള്ള ശക്തി മറ്റുള്ളവർക്ക് 'സ്വാദ്' സംഭാവന ചെയ്യുന്നു. നമ്മുടെ ജീവിത വിശുദ്ധിയും, മറ്റുള്ളവർക്ക് രുചി പകരുന്നവരായും, സർവ്വചരാചരങ്ങളോടും അലിഞ്ഞ് ചേർന്നുള്ള ജീവിതം നയിക്കുമ്പോഴുമാണ് നാം ഒരു സാമൂഹ്യജീവിയായി പരിണമിക്കുന്നത്.

പ്രത്യേക ലിപിയും, ഭാഷയും ഇല്ലാതിരുന്ന പ്രാചീന കാലം മുതൽ പ്രപഞ്ചത്തിലെ എല്ലാ ജീവജാലങ്ങളും അവരുടേതായ ഭാഷകളിൽ ആശയവിനിമയം നടത്തിയിരുന്നു. ആദിമമനുഷ്യൻ വ്യത്യസ്തമായ ശബ്ദങ്ങളിലൂടെയും, ആംഗ്യഭാഷകളിലൂടെയും സഹജീവികൾക്ക് വ്യക്തതയും, കൃത്യതയുമുള്ള സന്ദേശങ്ങൾ കൈമാറ്റം ചെയ്തിരുന്നു. അത്തരം സന്ദേശങ്ങൾ അന്നത്തെ ജീവിത സാഹചര്യങ്ങൾക്ക് നന്മയിലധിഷ്ഠിതമായ ആശയ സമ്പുഷ്ടമായ സന്ദേശങ്ങളായിരുന്നു. ആധുനിക ലോകത്തിൽ അനേകം ഭാഷകൾ നാം പ്രയോജനപ്പെടുത്തുന്നു. 'ഭാഷ' എന്നത് വെറും ആശയവിനിമയത്തിന് ഉപയോഗിക്കുന്ന ഉപാധിയല്ല. ഭാഷയെന്നത് സ്നേഹത്തിലധിഷ്ഠിതമാണ്. സമാധാനത്തിന്റെ ആത്മവാഹിയായി ഭാഷയെ നമുക്ക് കാണുവാൻ കഴിയും. പരസ്പരം വിദ്വേഷം നിറഞ്ഞ ആധുനിക ലോകത്തിൽ സംഭാഷണങ്ങളിലൂടെ സ്ഫോടനാത്മകമായ പല പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുവാൻ കഴിയും. ഈ നാളുകളിൽ ഇന്ത്യാ മഹാരാജ്യത്തിന്റെ പല കോണുകളിലും നടക്കുന്ന അടിച്ചമർത്തലിന്റെയും, ഒറ്റപ്പെടുത്തലിന്റെയും രാഷ്ട്രമീമാംസ വളരെ അപകടം നിറഞ്ഞവയാണ്. ആധുനിക യുഗത്തിൽ സമാധാനത്തിന്റെ ഭാഷകൾക്ക് സ്ഥാനം നഷ്ടപ്പെട്ട അവസ്ഥയാണ്. സഹജീവികളെ വാക്കുകൾകൊണ്ട് കൊലപ്പെടുത്തുന്ന പ്രവണത കൂടിവരികയാണ്. വ്യക്തികൾക്കും, കുടുംബങ്ങൾക്കും, സമൂഹത്തിനും, രാഷ്ട്രീയത്തിനും എതിരെയുള്ള കെട്ടുകഥകൾ പ്രചരിപ്പിക്കുന്നതിന് മുഖ്യധാരാ/സമൂഹ മാധ്യമങ്ങൾ ഉൾപ്പെടെ മത്സരത്തിലാണ്. എന്നാൽ അപരന്റെ വേദനയിൽ ആശ്വാസം പകരുന്ന ഭാഷാ പ്രയോഗങ്ങൾ നാം ഉപയോഗിക്കുന്നത് വിരളമായിത്തീർന്നിരിക്കുന്നു. പരസ്പര നിന്ദകളും, പരിഹാസങ്ങളും, ദൂഷണവാക്കുകളുമാണ് ഇന്നത്തെ കാലഘട്ടത്തിൽ നാം കൂടുതലായി ഉപയോഗിക്കുന്നത്. ഇത്തരം പ്രവണതകളിലൂടെ വ്യക്തിത്വങ്ങൾ, കുടുംബം, സമൂഹം എന്നിവ നിഗ്രഹിക്കപ്പെടുന്ന ഇന്നത്തെ കാഴ്ച ഭയാനകമാണ്. നമ്മുടെ സ്വാർത്ഥ താത്പര്യങ്ങൾ പൂവണിയുന്നതിന് വേണ്ടി ഏതിനേയും ബലികഴിക്കുവാനുള്ള വ്യഗ്രത വളരെ കൂടുതലായ കാലത്താണ് നാം ജീവിക്കുന്നത്. 'നാവ്' നമ്മുടെ ശരീരത്തിലെ ചെറിയൊരു അവയവം എങ്കിലും വാളിനെക്കാൾ മൂർച്ചയേറിയതാണ്. ചെറിയ ഒരു തീപ്പൊരി ഒരു കാടിനെ നശിപ്പിക്കുന്നതു പോലെ നമ്മുടെ നാവും ഒരു തീ തന്നെയാണ്. ഒരു ഭാഷ പ്രയോഗത്തിലൂടെ ഒരു സമൂഹത്തെയാകെ നശിപ്പിക്കുവാൻ കഴിയുന്ന അവയവം! നമ്മുടെ ഭാഷാ പ്രയോഗങ്ങൾ മറ്റുള്ളവർക്ക് നല്ല ആശയവും, ആശ്വാസവും പകരുന്ന തരത്തിൽ ഉപയോഗിക്കുവാൻ ശ്രമിക്കേണ്ടത് ഇന്നത്തെ കാലഘട്ടത്തിന്റെ ഏറ്റവും വലിയ ആവശ്യകതയാണ്.

ആദി ദ്രാവിഡ സംസ്കാരത്തിന്റെ ഭാഗമായി ജീവിതത്തെ മുമ്പോട്ട് നയിക്കുന്നവരാണ് നാം ഓരോരുത്തരും. നമ്മുടെ തനതായ സംസ്കാരത്തിന് കാലചക്രത്തിൽ കാതലായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. 'ഭാരതം' എന്ന മഹത്തായ സംസ്കാരം ജീവിതത്തിലുടനീളം പ്രാവർത്തികമാക്കുന്നതിന് പകരം, അനുകരണമെന്ന 'കല'യിലൂടെ നമ്മുടെ സാമൂഹിക വ്യവസ്ഥിതിക്ക് യോജിക്കാത്ത സംസ്കാരത്തെ ജീവിതയാത്രയിൽ പ്രാവർത്തികമാക്കുവാൻ നാം ശ്രമിച്ചുകൊണ്ടേയിരിക്കുന്നു. മേന്മയേറിയ ഭാരത സംസ്കാരത്തിലുണ്ടാകുന്ന അപചയങ്ങൾ സംസ്കാരശൂന്യതയിലേക്കുള്ള പ്രയാണമായിട്ട് നാം മനസ്സിലാക്കണം. ജാതി, മത, വർണ്ണ, വർഗ്ഗ വിദ്വേഷങ്ങൾ പുതിയ കാലഘട്ടത്തിലേക്ക് പ്രവേ



ശിച്ചിരിക്കുന്നു. ഇത്തരം ജല്പനങ്ങളിലൂടെ സമ്പന്നമായ ഭാരത സംസ്കാരത്തെ തച്ചുടയ്ക്കുവാൻ ഇന്നത്തെ സമൂഹം ഉത്സാഹിക്കുന്നു. പ്രായോഗിക ബുദ്ധിയും, പരിജ്ഞാനവും ഇല്ലാത്ത മുൻകാലഘട്ടങ്ങളിൽ ഉണ്ടായിരിക്കുന്ന പല തിന്മകളും ആധുനികലോകത്ത് പ്രവേശിച്ചിരിക്കുന്നു. അന്ധവിശ്വാസവും, അനാചാരങ്ങളും ആധുനിക ലോകത്ത് ഫണമുയർത്തുകയാണ്. ഇത്തരം ദുഷ്പ്രവൃത്തികളെ ഉന്മൂലനം ചെയ്ത് ലോകം അംഗീകരിക്കപ്പെട്ട ഭാരത സംസ്കാരത്തെ വീണ്ടെടുക്കുവാൻ ആധുനിക കാലഘട്ടത്തിന് കഴിയേണ്ടത് സാമൂഹിക നന്മയ്ക്ക് അത്യന്താപേക്ഷിതമാണ്.

പ്രാചീനകാലം മുതൽ ആധുനിക കാലം വരെയുള്ള ഭൂമിശാസ്ത്രം പരിശോധിച്ചാൽ, ആദിമുതൽ ഇന്നുവരെ ഭൂമിയുടെ വലിപ്പത്തിന് വ്യത്യാസം വന്നതായി തെളിയിക്കപ്പെട്ടിട്ടില്ല. എന്നാൽ പ്രപഞ്ചത്തിലെ പക്ഷി-മൃഗാദികൾക്കും, വൃക്ഷ-ലതാദികൾക്കും അവകാശപ്പെട്ട ഭൂമിയിൽ മനുഷ്യവർഗ്ഗം ഏകാധിപത്യം സ്ഥാപിക്കുകയും, പ്രകൃതി നിയമങ്ങൾക്ക് അനു

സ്വതമല്ലാത്ത പ്രവൃത്തികളിലൂടെ ഭൂമി മാതാവിനെ മാരകമായി മുറിവേൽപ്പിക്കുകയും ചെയ്യുന്നു. 'എല്ലാം എന്റെ സ്വന്ത'മാണെന്ന വികടബുദ്ധിയിൽ മനുഷ്യൻ മാതൃത്വത്തിന്റെ പ്രതീകമായ ഭൂമിയെ കൊല്ലുകയാണ്. പ്രകൃതി നമുക്ക് നൽകിയിരിക്കുന്ന അവകാശമെന്നത് ഭൂമിയിലെ സ്വത്തിനെ സംരക്ഷിക്കുക എന്നത് മാത്രമാണ്. ആയത് നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന കർത്തവ്യമാണ്. എന്നാൽ ഈ കർത്തവ്യത്തിന് ഘടനവിരുദ്ധമായി പ്രവർത്തിക്കുന്നതിലൂടെ നമ്മുടെ പ്രകൃതി നമ്മിൽനിന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. കുന്നും മലയും ഇടിച്ചു നിരത്തുകയും പ്രകൃതി നമുക്ക് നൽകിയിരിക്കുന്ന ജലസ്രോതസ്സുകളെ മലീമസമാക്കുകയും വായുമണ്ഡലത്തെ വിഷാംശം കൊണ്ട് നിറയ്ക്കുകയും ചെയ്യുന്നു. ഇത്തരം പ്രവൃത്തികളെല്ലാം മനുഷ്യനിർമ്മിതികളാണ്. സർവ്വചരാചരങ്ങളുടെയും സംരക്ഷണം ഏറ്റെടുക്കേണ്ട മനുഷ്യൻ അവയുടെ അന്തകനായി മാറിക്കൊണ്ടിരിക്കുന്നു. പരിസ്ഥിതി ദിനാചരണ ദിവസം മാത്രം പ്രകൃതിയെ ഓർമ്മിക്കുന്ന അവസ്ഥയിലേക്ക് നാം എത്തിച്ചേർന്നിരിക്കുന്നു. പ്രകൃതിയെ സംരക്ഷിക്കാൻ പുതിയ തലമുറയിലൂടെ പുതിയ വഴി തുറക്കപ്പെടുവാൻ നാം ആത്മാർത്ഥമായി പരിശ്രമിക്കേണ്ടത് ഇന്നത്തെ ആവശ്യകതയാണ്.

ആധുനിക ലോകത്തിൽ പലതരത്തിലുള്ള കണ്ടുപിടിത്തങ്ങളും അറിവിന്റെ ലോകത്തിൽ നിന്നും നാം മനസ്സിലാക്കിയിട്ടുണ്ട്. ലോകശ്രദ്ധയാകർഷിച്ച പല കണ്ടുപിടിത്തങ്ങളും ഈ കാലഘട്ടത്തിന്റെ സംഭാവനയാണ്. അവയിൽ ഭൂരിഭാഗവും ലോകത്തിന്റെ നന്മയ്ക്ക് വേണ്ടിയാണ്. എന്നാൽ നന്മയെ തിന്മയാക്കുവാൻ പ്രാപ്തിയുള്ള, മനുഷ്യർ ജീവിക്കുന്ന ഈ കാലഘട്ടത്തിൽ പല കണ്ടുപിടിത്തങ്ങളുടെയും ഉത്പന്നങ്ങൾ തിന്മ പ്രവൃത്തികൾക്ക് വേണ്ടി ഉപയോഗിക്കുന്നതായി കാണുവാൻ കഴിയും. വ്യത്യസ്ത കാലഘട്ടങ്ങളിൽ വ്യത്യസ്തമായ ചിന്തകൾക്കും, പ്രവൃത്തികൾക്കും നാം വിധേയപ്പെടുന്നു. ഇന്നത്തെ നമ്മുടെ വിധേയത്വം മൊബൈൽ ഫോണിനോടാണ്. വ്യക്തി ജീവിതത്തിൽ ഇത്രയധികം സ്വാധീനം ചെലുത്തിയ വേറെ ഉപകരണം ഇന്നുവരെ ഉണ്ടായിട്ടില്ല. ജീവനുള്ളവയോടുള്ള വിധേയത്വത്തേക്കാൾ യാന്ത്രികമായി പ്രവർത്തിക്കുന്ന ഈ ഉപകരണത്തോടാണ് എന്നത് ഈ നൂറ്റാണ്ടിലെ അത്ഭുതങ്ങളിൽ ഒന്നായി കണക്കാക്കാവുന്നതാണ്. വ്യക്തിത്വങ്ങളെ ഇത്രയധികം സ്വാധീനിക്കുവാനുള്ള മാസ്മരിക ശക്തി പകരുന്നത്, നല്ല പ്രവൃത്തികളെക്കാൾ തിന്മയുടെ ലോകത്തിന്റെ പടവുകൾ കയറുവാൻ വേഗമാർഗ്ഗം ഈ ഉപകരണം വളരെ പ്രയോജനം ചെയ്യുന്നു എന്നതാണ്. ഈ ഉപകരണത്തെ അമിതമായി ആശ്രയിക്കുന്ന വ്യക്തികളുടെ ചിന്താമണ്ഡലം ഇപ്പോൾ ശൂന്യമാണ്. സാമാന്യ ബുദ്ധി നഷ്ടപ്പെടുത്തിക്കളയുന്ന തലങ്ങളിലേക്ക് നമ്മുടെ പുതു തലമുറ എത്തിച്ചേരുകയാണ്. നമ്മുടെ തലച്ചോറിൽ സൂക്ഷിച്ച് വയ്ക്കേണ്ട പല വിവരങ്ങളും ഈ യന്ത്രത്തിനകത്ത് സൂക്ഷിക്കുകയും നമ്മുടെ തലച്ചോറിനെ വെറും 'ശൂന്യത' എന്ന തലത്തിലേക്ക് പൂർണ്ണ വിശ്രമം നൽകിയിരിക്കുകയാണ്. ഈ ഉപകരണം നമ്മെ സ്വാധീനിക്കുന്നതിലൂടെ ഒരു കാലഘട്ടം കൂടെ പിറന്നിരിക്കുന്നു. 'മൊബൈൽ യുഗം' എന്ന് ഈ യുഗത്തെ നാമകരണം ചെയ്യാവുന്നതാണ്. പ്രാചീനയുഗം മുതൽ ആധുനികയുഗം വരെയുള്ള കാലഘട്ടങ്ങളിൽ സംഭവിച്ചിട്ടുള്ളതിനേക്കാൾ വളരെ അത്ഭുതകരവും, ആശ്ചര്യകരവുമായ പ്രവർത്തനങ്ങളാണ് ഇന്നത്തെ സമൂഹങ്ങളിൽ പ്രാവർത്തികമാകുന്നത്. പ്രപഞ്ച സത്യത്തിൽ വിധേയപ്പെടാതെ, തനിക്ക് ജന്മം നൽകിയ മാതാപിതാക്കൾക്ക് വിധേയപ്പെടാതെ, സ്വന്തം ബുദ്ധിശക്തിയിൽ വിധേയപ്പെടാതെ നിർമ്മിത ബുദ്ധിയിൽ മാത്രം ആശ്രയം വയ്ക്കുന്ന ഒരു പുതിയ യുഗത്തിലൂടെ നാം സഞ്ചരിക്കുകയാണ്. യുഗങ്ങൾ കൊഴിഞ്ഞുവീഴുന്നു, തലമുറകളും ഈ ഭൂമുഖത്തുനിന്നും മാറ്റപ്പെടുന്നു. പ്രപഞ്ച സത്യത്തിലധിഷ്ഠിതമായ ഒരു യുഗത്തിന് നമുക്ക് ജന്മം നൽകാൻ കഴിയുമോ? അതിനായി നമുക്ക് പരിശ്രമിക്കാം, പ്രവർത്തിക്കാം.

കവിത

ലഹരിക്കെതിരെ ഒരമ്മ മകനയച്ച കത്ത്

2022ലെ ഭരണഭാഷാ സാഹിത്യ പുരസ്കാരം - കവിത - രണ്ടാം സ്ഥാനം

പ്രസാദ് വി.
(ചീഫ് അമിനിറ്റീസ് അസിസ്റ്റന്റ്)

നീ പോകും വഴികളിലെല്ലാം വൻ-
ചതികൾ കുടിപാർക്കുന്നു.
നീ കാണും ലോകമിതല്ലാ...
തുറു കണ്ണാൽ പേടിപ്പിക്കും!

മോഹിക്കും നിരവധി പേരായ് അതി-
ലഹരി കലർന്നൊരു നറുചിരിയായി...
മാടി വിളിക്കും നമ്മെ മയക്കാൻ
വീഴരുതരുതേ ലഹരിക്കെണിയിൽ!
ഓടിയൊളിക്കും കൗമാരശ്രീ
മാടി വിളിക്കും മരണത്തിരകൾ!

മായികമാം മൃദുസ്മേരവുമായ് നിൻ
മാനസ വാതിൽ തുറക്കും മോഹിനി
ഇരുകൈയ്യാൽ തട്ടിയകറ്റി
വിഷധൂളികൾ തൂത്തെറിയേണം!
അമ്മ പകർന്നൊരു ചൂടറിയേണം
അമ്മിഞ്ഞപ്പാൽ ഓർമ്മ വരേണം!

നീ പോകും വഴികളിലെല്ലാം വൻ-
ചതികൾ കുടിപാർക്കുന്നു.
നൽവാക്കുകൾ ഓർമ്മ വരേണം
മൂത്തവർ ചൊല്ലിൻ പൊരുളറിയേണം!

ബഹുവർണ്ണ കൂട്ടിൽ നിറച്ചും
പലപേരുകൾ പല രൂപങ്ങൾ
മാടി വിളിക്കും ലഹരിക്കൈയ്യുകൾ
ചേർത്തീടരുതരുതേ മകനേ!
നന്മകൾ നെയ്ത മഹാന്മാർ തന്നുടെ
പൊൻ വചനങ്ങൾ ഓർമ്മ വരേണം!

ആട്ടിയകറ്റുക ദുർഭൂതത്തെ
ചേർത്തു പിടിക്കുക മലയാളത്തെ...
നാമറിയേണം നാടറിയേണം
നന്മ മരങ്ങൾ പിൻതുടരേണം!

നീ പോകും വഴികളിലെല്ലാം വൻ-
ചതികൾ കുടിപാർക്കുന്നു.
നീ നാളെ വളർന്നൊരു മരമായ്
തണലേകൂ നാടിനുകുളിരായ്...!

നിൻ മുഷ്ടികൾ വാനിലുയർത്തൂ
നിൻ നാവുകൾ ശബ്ദമുയർത്തൂ
ഈ മണ്ണിലെ ലഹരിക്കോട്ടകൾ
തച്ചുതകർക്കൂ നവപുലരിക്കായ്...!

നീ പോകും വഴികളിലെല്ലാം വൻ-
ചതികൾ കുടിപാർക്കുന്നു...

കവിത

അതിഥി

ശ്രീവിദ്യ എസ്.
(സെക്ഷൻ ഓഫീസർ)

വീട്ടിലെത്തിയ വിരുന്നുകാരെപ്പൊഴോ
കൂട്ടുകാരുടെ വാക്കു കേട്ടുപോൽ
അതിലൊരാളിന്റെ കൈ പിടിച്ചവൾ
പടികടന്നു നടന്നുപോൽ

അമ്മയോടൊന്ന് പറയാൻ മറന്നുപോയ്
അമ്മാവന്റെ കൂടെയെന്ന് കരുതിയത്രേ
അടുത്തൊരു പീടിക ഭരണിയിൽ
കൊതിപ്പിച്ച മിഠായി കണ്ടുപോൽ

വേണമെനിക്കെന്നു ശാഠ്യം പിടിച്ചവൾ
കണ്ടില്ല കേട്ടില്ലവൻ പകരമൊരിറ്റു
വെള്ളം കൊടുത്തുപോൽ
ആരിവൾ കൂടെയെന്നാരും തിരക്കിയില്ല.

കാരണമവൾ കൂടപ്പിറപ്പല്ലാ
വെറുമൊരു വിരുന്നുകാരി
പൂക്കാത്ത വിളയാത്തപാടം
കണ്ടവൾ ഭയന്നുവത്രേ

''എങ്ങോട്ടു പോകുന്നു നമ്മൾ''?
നീയൊറ്റയ്ക്കു പോകുന്നുവെന്നവൻ
പിഞ്ചു കാതിൽ മന്ത്രിച്ചുവത്രേ;
വേദന തിന്നവൾ സ്വരം നിർത്തിയവൾ

ചിരിമറന്നവൾ
അകലെ മേഘശകലങ്ങളിൽ
തിളങ്ങിയത്രേ
സത്യവും ധർമ്മവും
ജനമനസ്സിൽ
പുകഞ്ഞുവത്രേ
ന്യായവും നീതിയും
ആ തീ കെടുത്തിയത്രേ.

വനിതാദിനം

2022ലെ ഭരണഭാഷാ സാഹിത്യ പുരസ്കാരം - കവിത - രണ്ടാം സ്ഥാനം

ഷൂജ കെ.
(ഇൻഫർമേഷൻ അസിസ്റ്റന്റ്)

ഇന്നു വനിതാദിനമാണ്...
മൈക്കിന്റെ ചുണ്ടത്തവളുടെ ഉറപ്പുള്ള
വാക്കുകൾ മുത്തുകൾ പോലെ
കൊഴിഞ്ഞു വീണുകൊണ്ടിരുന്നു
അതിലൂടെയവൾ സ്വതന്ത്ര്യം നുകർന്നു.
തുല്യനീതിയുടെ പീഠത്തിൽ പല തവണ
ആശ്വാസം പൂണ്ടു നിവർന്നിരുന്നു.

കേൾവിക്കാർ കൂടി കൂടി വന്നപ്പോൾ
ഉള്ളിലൊരായിരം വാകമരങ്ങൾ പൂത്തു
നേരമില്ലെന്നു പറഞ്ഞു മാറ്റി വച്ച
പുസ്തകങ്ങൾക്കു മീതെ
കണ്ണുകൾ ചലിച്ചു തുടങ്ങിയപ്പോൾ
മാറാല വഴി മാറി
അതിലൂടെ രാവും പകലും തിരിച്ചറിഞ്ഞു.
പുഴയിൽ നീന്തിയും ഒറ്റയ്ക്കു നനഞ്ഞും
അവൾ വാനിന്റെ നെറുകയിലെത്തി.

ഇന്നു വനിതാ ദിനമാണ്...
കയ്യടികൾ അവളെ കോരിത്തരിപ്പിച്ചു.
പെട്ടെന്നാണ് പുലർച്ചെ തുറന്നിട്ട
അടുക്കളയുടെ മണം പറന്നെത്തിയത്.
അവളില്ലാത്തയടുക്കളയിൽ
കെട്ടുപോയ തീയുടെ ശാന്തതയിൽ
പാതിവെന്തകറികൾ നോക്കിയാരോ
പിറുപിറുക്കുന്നുണ്ടായിരുന്നു.
ചായപ്പൊടി തേടിയദ്ദേഹത്തിന്റെ
കണ്ണുകൾ ചെമ്പരത്തി പൂപോലെ
ചുവന്നിട്ടുണ്ടാവും.

കഴുകാത്ത പാത്രത്തിന്റെയരികിൽ
ചോനനുറുമ്പുകൾ തീവണ്ടിപോലെ
ഇഴഞ്ഞു നീങ്ങുന്നുണ്ടാവും.
തുറന്ന പാത്രങ്ങൾ അടച്ചിട്ടുണ്ടാവില്ല.
അലസമായെറിഞ്ഞ പഴത്തൊലിയിൽ
കാൽ തെറ്റിയാരെങ്കിലും വീഴുമോ?
അടുക്കളമണമവളുടെ വാകപ്പൂക്കളെ
എങ്ങോ വലിച്ചെറിഞ്ഞു.

കത്തുന്ന തീയിൽ മുളകിന്റെയെരിവ്
കുറച്ചവൾ പാചകത്തിന്റെ രുചികൂട്ടുമ്പോൾ
വനിതാദിനത്തിന്റെ കോരിത്തരിപ്പുള്ള
പ്രസംഗം ലോകമെങ്ങും ഒഴുകിനടന്നു.
ഒരു കനലവളിലെരിഞ്ഞൊടുങ്ങുമ്പോൾ
അവളോർത്തുപോയി അടുത്ത വർഷവും
വരുമല്ലോയീവനിതാദിനം!!!

പ്രീത സി. എസ്.
(ഓഫീസ് സൂപ്രണ്ട്)

വൈ-ഫൈ

അവൻ വീടിനകത്തേക്കു നോക്കി വിളിച്ചു... ഒന്നു വരുമോ...

എവിടെ നിന്നോ ഒരുവൾ ചോദിച്ചു.

എന്നെയല്ലോ വിളിച്ചു...

ഓടി അരികിലെത്തിയ രാധു പറഞ്ഞു,
എനിക്ക് വാട്സ്-ആപ്പിന്റേം വൈ-ഫൈന്റേം
പച്ച പരിഷ്കാരം അറിഞ്ഞു കൂടാത്തത് നല്ലതു തന്നെ...
എന്നാലും അവളോടു എന്തോ പറയാൻ തോന്നുന്നു.

അവൻ പറഞ്ഞു...

നീ അതൊന്നും കാര്യമാക്കേണ്ട, കാലു വേദനിക്കുന്നു.
എണ്ണയിട്ടു തിരുമ്മാനാണ് നിന്നെ വിളിച്ചത്.

ഞാനിപ്പം ഓടി അടുത്തെത്തിയില്ലായിരുന്നെങ്കിൽ അവൾ
വന്നടുത്തിരുന്നേനെ.

ഞാനെത്തും മുമ്പെ അവൾ എത്തിയിരുന്നെങ്കിൽ എണീറ്റു
പോടീ... എന്നു അവളോട് പറയാൻ കഴിയുമായിരുന്നോ?

അതല്ലെ, അക്കൂട്ടരുടെ സിദ്ധാന്തം. വല്ലാത്തൊരു IQ തന്നെ!

കുറേയൊക്കെ എനിക്കും മനസ്സിലാകുന്നുണ്ട്.
ഇത്രയും പറഞ്ഞിട്ട് അവൾ കാൽ തിരുമ്മി.

അവൻ പറഞ്ഞു,

ദൂരെ നിന്നും അലയ്ക്കുന്ന ശബ്ദങ്ങൾക്ക് പിന്നിൽ
കരങ്ങളുണ്ട്, അവർക്ക് അധികാരികളുമുണ്ട്.

അവൾ പറഞ്ഞു, പ്രതികരിക്കാൻ പറ്റാത്ത വല്ലാത്തൊരു IQ
തന്നെ.

ഇരിക്കുന്നിടത്തിരുന്നുകൊണ്ട് ഉദ്ദേശങ്ങൾ സാധിക്കാൻ
മാത്രമല്ല ഇഷ്ടമില്ലാത്തതെന്തും ഒഴിവാക്കാനും അവരൊക്കെ
ഈ IQ തന്നെയാണ് ഉപയോഗിക്കുന്നത്.

അറുപതിലൊന്ന് സെക്കന്റുപോലും പാഴാവാത്ത,
അത്രത്തോളം കറകറക്ടുള്ള IQ.

നിയമസഭാ ലൈബ്രറിയിൽ വാങ്ങിയ പുസ്തകങ്ങളിൽ നിന്നും തെരഞ്ഞെടുത്ത 12 പുസ്തകങ്ങളുടെ ലഘുവിവരണങ്ങളും പുറംചട്ടയുടെ ചിത്രങ്ങളും അടങ്ങിയ ലിസ്റ്റ്



ഖാദിയും സ്വാതന്ത്ര്യവും
പയ്യന്നൂർ കുഞ്ഞിരാമൻ
ബ്ലൂ ഇങ്ക് ബുക്ക്സ് : തലശ്ശേരി, 2022
V2:51(M71) 32R2

(ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ഖാദിയ്ക്കുള്ള പ്രാധാന്യം, സർവ്വോദയ പ്രസ്ഥാനത്തിന്റെ വളർച്ച എന്നിവ വിശകലനം ചെയ്യുന്ന കൃതി)

പുസ്തകങ്ങൾക്കും ജീവനുണ്ട്
പി. കെ. പാറക്കടവ്
ബ്ലൂ ഇങ്ക് ബുക്ക്സ് : തലശ്ശേരി, 2022.
O32,6PAR,P R2

(സാഹിത്യം, സംസ്കാരം, സമകാലിക രാഷ്ട്രീയം തുടങ്ങിയ വിഷയങ്ങളിലെ ലേഖനങ്ങളുടെ സമാഹാരം)

കേരളീയ നവോത്ഥാനത്തിന്റെ വർത്തമാനം
വി. യു. സുരേന്ദ്രൻ
ഫിംഗർ ബുക്ക്സ് : കോഴിക്കോട്, 2023.
Y:1:7.212 32R3

(നവോത്ഥാന പ്രസ്ഥാനങ്ങളെയും നവോത്ഥാന നായകരെയും പരിചയപ്പെടുത്തുന്ന കൃതി

ഫലസ്തീൻ
കുടിയിറക്കപ്പെടുന്നവരുടെ രാജ്യം
ശബീബ് മമ്പാട്, സലിം ദേളി
ബുക്ക് പ്ലസ് : തിരൂരങ്ങാടി, 2023.
V465:19(zM) 32R3

(ഫലസ്തീൻ അധിനിവേശ ത്തിന്റെ ചരിത്ര വഴികൾ വിശകലനം ചെയ്യുന്ന ഗ്രന്ഥം)

ശാസ്ത്രം ജീവിതം വർത്തമാനം
ആർക്കിമിഡീസ് മുതൽ ജെന്നിഫർ ഡൗഡ്ന വരെ
സീമ ശ്രീലയം
ഫിംഗർ ബുക്ക്സ് : പേരാമ്പ്ര, 2023.
Awx 32R3

(പ്രമുഖ ശാസ്ത്രജ്ഞരുടെ ലഘു ജീവചരിത്രങ്ങൾ)

ഭ്രമം
പ്രശാന്ത് നമ്പ്യാർ
ഫിംഗർ ബുക്ക്സ് : കോഴിക്കോട്, 2023.
O32,3PRA R3

(നോവൽ)



ഗീതാഞ്ജലി
രവീന്ദ്രനാഥ് ടാഗോർ,
ഭാഷാവിഷ്കാരം - ഗുരു നിത്യചൈതന്യയതി
ഫേബിയൻ ബുക്ക്സ് : മാവേലിക്കര, 2021.
O157,1TAG,G:g 32R1
(ടാഗോറിന്റെ ഗീതാഞ്ജലിയുടെ
മലയാള ഭാഷാവിഷ്കാരം)

ലീലാവതിയുടെ
പദ്യകൃതികൾ
ഡോ. എം. ലീലാവതി
ഫിംഗർ ബുക്ക്സ് : കോഴിക്കോട്, 2023.
O32,1LEE Q9
(ഡോ. എം. ലീലാവതിയുടെ സമ്പൂർണ്ണ
പദ്യകൃതികൾ)

സ്വാതന്ത്ര്യത്തിലേക്ക്
എളുപ്പവഴിയില്ല
നെൽസൺ മണ്ടേല
ഫേബിയൻ ബുക്ക്സ് :
മാവേലിക്കര, 2019.
V63:51 32Q9
(നെൽസൺ മണ്ടേലയുടെ പ്രഭാഷണങ്ങളുടെയും
ലേഖനങ്ങളുടെയും സമാഹാരം)

പ്രണയം കവിത സംസ്കാരം
കെ.ഇ.എൻ
ഫേബിയൻ ബുക്ക്സ് : മാവേലിക്കര, 2019.
O32,6KEN Q9
(ലേഖന സമാഹാരം)



വി. എസ്. കേരള
രാഷ്ട്രീയത്തിലെ അദ്ഭുതം
എസ്. കെ. സുരേഷ്,
ടി. കെ. പ്രഭാകരൻ
ബുക്ക് കഫേ പബ്ളിക്കേഷൻസ് :
തിരുവനന്തപുരം, 2023.
W691,21y7ACH 32R3
(വി. എസ്. അച്യുതാനന്ദനെപ്പറ്റി
വിശകലനം ചെയ്യുന്ന കൃതി)

കേരളത്തിൽ വ്യവസായം തുടങ്ങാൻ
അറിയേണ്ടതെല്ലാം
ഡോ. സുധീർ ബാബു
ധനം ബുക്ക്സ് : കൊച്ചി, 2023.
X8(A).212 32R3
(കേരളത്തിൽ വ്യവസായം തുടങ്ങാൻ
ആഗ്രഹിക്കുന്നവർ അറിയേണ്ട
കാര്യങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന കൃതി)

ആർട്ട് ഗാലറി

ആർ. നന്ദകുമാർ
(അണ്ടർ സെക്രട്ടറി)

രേവതി ബി.
(കമ്പ്യൂട്ടർ അസിസ്റ്റന്റ്)

സുമി എസ്.
(സെലക്ഷൻ ഗ്രേഡ്
കമ്പ്യൂട്ടർ അസിസ്റ്റന്റ്)

ശരണ്യ സുരേഷ്
(കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് - II)

ലിനിയ ബി. ഷൈൻ
D/o ബീന ജോസഫ്,
അസിസ്റ്റന്റ്

അനുരാഗ് എ. എസ്.
S/o സുമി എസ്.,
സെലക്ഷൻ ഗ്രേഡ് കമ്പ്യൂട്ടർ
അസിസ്റ്റന്റ്



ശിവനന്ദ എസ്. എസ്.
D/o ശരണ്യ സുരേഷ്,
കമ്പ്യൂട്ടർ അസിസ്റ്റന്റ്
ഗ്രേഡ് - II

ദേവനാരായണൻ പി.
S/o രാജലക്ഷ്മി എം. എസ്.
അസിസ്റ്റന്റ്

നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും 31.08.2023 ൽ വിരമിച്ച

ശ്രീ. കെ. വേലായുധൻ നായർ
(പാർട്ട് ടൈം ഗാർഡനർ)

പദപരിചയം

1	Adjournment Motion	അടിയന്തര പ്രമേയം
2	Adjourn sine die	അനിശ്ചിത കാലത്തേക്ക് നിർത്തിവയ്ക്കുന്നു.
3	Breach of privilege	അവകാശ ലംഘനം
4	Cut Motion	ഖണ്ഡനോപക്ഷേപം (ധനാഭ്യർത്ഥനയുടെ തുക കുറയ്ക്കാനുള്ള ഒരു ഉപക്ഷേപം*)
5	Delay Statement	കാലതാമസ പത്രിക

തിരുത്ത്

സംസ്ഥാന സർക്കാർ/ അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ ആവശ്യങ്ങൾക്കായി സമർപ്പിക്കേണ്ട അപേക്ഷാ ഫോറങ്ങളിൽ '**താഴ്മയായി അപേക്ഷിക്കുന്നു**' എന്നതിന് പകരം '**അപേക്ഷിക്കുന്നു/അഭ്യർത്ഥിക്കുന്നു**' എന്ന് ഉപയോഗിക്കേണ്ടതാണ്. (സർക്കുലർ നമ്പർ 25/എ.ആർ.13(2)/ 2022/ ഉ.ഭ.പ.വ. തീയതി 22.3.2022)

വിവിധ സർക്കാർ സേവനങ്ങൾ നേടിയെടുക്കുന്നതിന് കാലതാമസം വരുന്ന സാഹചര്യത്തിൽ '**കാലതാമസം മാപ്പാക്കുന്നതിന്**' എന്നതിന് പകരം '**കാലതാമസം പരിഗണിക്കാതെ അപേക്ഷയിൽ തീരുമാനമെടുക്കുന്നതിന്**' എന്ന് ഉപയോഗിക്കേണ്ടതാണ്. (സർക്കുലർ നമ്പർ എ.ആർ. 13(2)/92/2022/ ഉ.ഭ.പ.വ. തീയതി 17.05.2023)

ഭരണഭാഷാ - പ്രതിജ്ഞ

മലയാളം എന്റെ ഭാഷയാണ്.
മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു.
മലയാള ഭാഷയെയും കേരള സംസ്കാരത്തെയും ഞാൻ ആദരിക്കുന്നു.
ഭരണ നിർവഹണത്തിൽ മലയാളത്തിന്റെ ഉപയോഗം
സാർവത്രികമാക്കുന്നതിന് എന്റെ കഴിവുകൾ ഞാൻ വിനിയോഗിക്കും.